സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി** മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ** മാഗസിൻ

2023 സെപ്റ്റംബർ 19 ചൊവ്വ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

# പുതു പാർലമെന്റ്: ആദ്യ ബിൽ വനിതാ സംവരണം



ന്യൂഡൽഹി:രാജ്യത്തിന്റെ പാർലമെന്ററി ചരിത്രത്തിന് ഇനി പുതുയുഗം. പുതിയ മന്ദിരത്തിൽ പാർലമെന്ററി നടപടികൾക്കു തുടക്കമായി. അവസാന പ്രത്യേക സംയുക്ത സമ്മേളനത്തിനു ശേഷം പഴയ മന്ദിരത്തോടു വിട പറഞ്ഞാണു പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ എംപിമാർ പുതിയ പാർലമെന്റിലേക്കു നടന്നെത്തിയത്. പഴയ പാർലമെന്റ് മന്ദിരം ഇനി 'സംവിധാൻ സദൻ' എന്നറിയപ്പെടുമെന്നു മോദി പറഞ്ഞു. ഉച്ചയ്ക്കു 1.15ന് ലോക്സഭയും 2.15ന് രാജ്യസഭയും ചേരും. വനിത സംവരണ ബിൽ ആണ് പുതിയ പാർലമെന്റിൽ ആദ്യം അവതരിപ്പിക്കുക. രാവിലെ ഇരു സഭകളിലെയും അംഗങ്ങൾ പഴയ മന്ദിരത്തിലെ സെൻട്രൽ ഹാളിനു മുൻപിലെ അങ്കണത്തിൽ ഒത്തുചേർന്നു ഫോട്ടോ എടുത്തിരുന്നു. ഫോട്ടോ സെഷനുശേഷം സെൻട്രൽ ഹാളിൽ അവസാനത്തെ സംയുക്ത സമ്മേളനം. പുതിയ മന്ദിരത്തിൽ എംപിമാർക്ക് ഭരണഘടനയുടെ പകർപ്പ്, സ്മരണികയായി നാണയം, സ്റ്റാംപുകൾ തുടങ്ങിയവ സമ്മാനമായി നൽകും.



പുതിയ പാർലമെന്റ് മന്ദിരത്തിലെ സമ്മേളനത്തിൽ പങ്കെടുക്കുന്നവർ

## പഴയ മന്ദിരം ഇനി 'സംവിധാന സദൻ

ഡൽഹി: പുതിയ ഇന്ത്യയ്ക്ക് പുതിയ പ്രതീക്ഷയും പുതിയ ഊർജ്ജവും നൽകാനും വികസിത രാജ്യം എന്ന സ്വപ്നത്തിലേക്കുള്ള യാത്ര തുടങ്ങുന്നു എന്ന് പറഞ്ഞ് പ്രധാന മന്ത്രിയും നേതാക്കളും പുതിയ പാർലമെന്റിലേക്ക്. പഴയ പാർലമെന്റ് മന്ദിരത്തിലെ സെൻട്രൽ ഹാളിൽ ചേർന്ന യോഗത്തെ അഭിസംബോധന ചെയ്തു സംസാരിക്കുയായിരുന്നു പ്രധാനമന്ത്രി. നമ്മൾ പുതിയ പാർലമെന്റിലേക്ക് പോകുമ്പോൾ പഴയ പാർലമെന്റിന്റെ അഭിമാനം കാത്ത് സൂക്ഷിക്കണം. ഭരണഘടനാ സഭയായി പഴയ പാർലമെന്റ് നിലകൊള്ളും. അതിനാൽ പഴയ പാർലമെന്റ് മന്ദിരം ഇനിമുതൽ 'സംവിധാൻ സദൻ' എന്നറിയപ്പെടുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി.

വിനായക ചതുർത്ഥി ദിനത്തിൻ ഒരു പുതിയ യാത്ര ആരംഭിക്കുകയാണ്. വികസിത രാജ്യത്തിലേക്കുള്ള യാത്രയാണ് ഇന്ന് ആരംഭിക്കുന്നത്. നിരവധി ഓർമ്മകളാണ് ഇവിടെ ഉള്ളത്. രാജ്യ ചരിത്രത്തിൽ സെൻട്രൽ ഹാളിന് നിർണ്ണായക സ്ഥാനമാണ് ഉള്ളത്.

നമ്മുടെ ഭരണഘടന രൂപീകരിച്ചത് ഇവിടെയാണ്. നിരവധി അധികാര കൈമാറ്റത്തിനും നിരവധി നിയമങ്ങൾ സംയുക്ത സമ്മേളനത്തിൽ പാസാക്കിയും സെൻട്രൽ ഹാൾ സാക്ഷിയായി നരേന്ദ്രമോദി പറഞ്ഞു.ദേശീയഗാനത്തിനും ദേശീയ പതാകയ്ക്കും അധികാരം നൽകിയത് ഇവിടെയാണ്. മുത്തലാഖ് നിരോധിത നിയമം പാസാക്കി. ട്രാൻസ് ജെൻഡേഴ്സിനും ദിവ്യാംഗർക്കായും (വികലാംഗർ) നീതി ലഭ്യമാക്കുന്ന നിയമങ്ങളും പാർലമെന്റ് പാസാക്കിയിട്ടുണ്ട്. അനുഛേദം 370 റദ്ദാക്കിയതോടെ ശാന്തിയും സമാധാനവുമുള്ള ജമ്മു കശ്മീർ നമുക്ക് ലഭിച്ചെന്നും ഇന്ന് ജമ്മു കശ്മീർ വികസനത്തിലേക്ക് കുതിക്കുന്നു എന്നും പ്രധാന മന്ത്രി.ഒരു ചെറിയ ക്യാൻവാസിൽ ആർക്കും വലിയ ചിത്രം വരയ്ക്കാൻ കഴിയില്ല. രാജ്യത്തിന്റെ മുന്നോട്ടുള്ള കുതിപ്പിനെ ആർക്കും തടയാനാകില്ല. ഇന്ത്യ വലിയ ശക്തിയായി മാറുമെന്ന് ലോകരാജ്യങ്ങൾ വിശ്വസിക്കുന്നുണ്ട്. ഇന്ത്യ ഉടൻ ലോകത്തിലെ മൂന്നാമത്തെ സാമ്പത്തിക ശക്തിയാകും. ഇന്ത്യയുടെ ഭരണനിർവഹണം ലോകത്തിന് മാതൃകയാണ്. പുതിയ ഇന്ത്യക്ക് ഇന്ന് പുതിയ പ്രതീക്ഷയും പുതിയ ഊർജ്ജവുമുണ്ട്. 'ആത്മ നിർഭർ ഭാരത്' എന്നതാണ് ലക്ഷ്യം. കായിക മേഖലയിൽ ഇന്ത്യ തിളങ്ങുകയാണ്. ഓരോ പദ്ധതിയും എടുത്ത് പറഞ്ഞ് പഴയ പാർലമെന്റ് മന്ദിരത്തിലെ സെൻട്രൽ ഹാളിൽ പ്രധാനമന്ത്രി സംസാരിച്ചു.

# കാനഡക്ക് മറുപടി നൽകി ഇന്ത്യ
# കാനേഡിയൻ നയതന്ത്ര ഉദ്യോഗസ്ഥനെ പുറത്താക്കി

ന്യുഡൽഹി: ഇന്ത്യൻ നയതന്ത്ര ഉദ്യോഗസ്ഥനെ പുറത്താക്കിയ കാനഡക്ക് മറുപടി നൽകി ഇന്ത്യ. മുതിർന്ന കാനേഡിയൻ നയതന്ത്ര ഉദ്യോഗസ്ഥനെ ഇന്ത്യയും പുറത്താക്കി. ഇന്ത്യ വിരുദ്ധ നടപടിക്കാണ് കേന്ദ്രസർക്കാരിന്റെ മറുപടി. അഞ്ച് ദിവസത്തിനുള്ളിൽ ഇന്ത്യ വിടണമെന്നാണ് ഇന്ത്യയുടെ മുന്നറിയിപ്പ്. കാനഡയിലെ സിഖ് നേതാവ് ഹർദീപ് സിംഗ് ഹിജ്ജാർ കൊലപാതക കേസിന് പിന്നിൽ ഇന്ത്യയുടെ പങ്കുണ്ടെന്ന സംശയത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ നയതന്ത്ര ഉദ്യോഗസ്ഥനെ കാനഡ പുറത്താക്കിയിരുന്നു. ഇന്ത്യൻ എംബസിയിലെ ഉദ്യോഗസ്ഥൻ പവൻ കുമാർ റായിയെയാണ് പുറത്താക്കിയത്.



ഹർദീപ് സിംഗ് കൊല്ലപ്പെട്ടതിന് പിന്നിൽ ഇന്ത്യയാകാമെന്ന് കനേഡിയൻ പ്രധാനമന്ത്രി പ്രസ്താവിച്ചിരുന്നു. ഇതിന് പിന്നാലെയാണ് നയതന്ത്ര പ്രതിനിധിയെ പുറത്താക്കിയത്. ഇക്കഴിഞ്ഞ ജൂണിലാണ് കാനഡയിലെ ഗുരുദ്വാരക്ക് മുന്നിൽ വെച്ച് ഹർദീപ് സിംഗ് വെടിയേറ്റ് മരിച്ചത്. ഹർദീപ് സിംഗ് നിജ്ജാറിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട കാനഡയുടെ ആരോപണങ്ങൾ തള്ളി ഇന്ത്യ രംഗത്തെത്തിയിരുന്നു. കാനഡയിലെ കൊലപാതകത്തിൽ ഇന്ത്യയ്ക്ക് പങ്കില്ലെന്ന് വിദേശകാര്യമന്ത്രാലയം വ്യക്തമാക്കിയിട്ടുണ്ട്. ജസ്റ്റിൻ ട്രൂഡോയുടെ പ്രസ്താവന അടിസ്ഥാനരഹിതവും അസംബന്ധവുമെന്ന് ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം വിമർശിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇക്കാര്യം ട്രൂഡോയെ അറിയിച്ചിരുന്നു. ഖലിസ്ഥാൻ ഭീകരർക്ക് കാനഡ താവളം ഒരുക്കുന്നുവെന്നും ഇന്ത്യ വിമർശിച്ചിരുന്നു. കൊലപാതകത്തിൽ ഇന്ത്യയുടെ പങ്കുണ്ടെന്ന സംശയം ട്രൂഡോ കനേഡിയൻ പാർലമെന്റിൽ പറഞ്ഞിരുന്നു. പിന്നാലെ ഇന്ത്യൻ നയതന്ത്ര ഉദ്യോഗസ്ഥനെ കാനഡ പുറത്താക്കുകയും ചെയ്തു. ഇന്ത്യൻ എംബസിയിലെ മുതിർന്ന ഉദ്യോഗസ്ഥൻ പവൻ കുമാർ റായിയെയാണ് കാനഡ പുറത്താക്കിയത്. ഇതിന് മറുപടിയായാണ് ഇന്ത്യയും കാനേഡിയൻ നയതന്ത്ര പ്രതിനിധിയെ പുറത്താക്കിയത്.

## ഭീകരതയ്ക്കതിരായ പോരാട്ടത്തിൽ വിട്ടുവീഴ്ച പാടില്ല: കാനഡ പ്രശ്നത്തിൽ കേന്ദ്രത്തിന് കോൺഗ്രസ് പിന്തുണ

ന്യൂഡൽഹി:ഖലിസ്ഥാൻ വിഘടനവാദി നേതാവ് ഹർദീപ സിങ് നിജ്ജാറിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് ഇന്ത്യയും കാനഡയും തമ്മിലുള്ള നയതന്ത്ര ബന്ധം കലുഷിതമായിരിക്കെ, കേന്ദ്ര സർക്കാരിന് പിന്തുണ പ്രഖ്യാപിച്ച് മുഖ്യ പ്രതിപക്ഷമായ കോൺഗ്രസ് രംഗത്ത്.

ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ യാതൊരു വിട്ടുവീഴ്ചയും പാടില്ലെന്നതാണ് കോൺഗ്രസ് നിലപാടെന്ന്, മുതിർന്ന നേതാവ് ജയറാം രമേശ് എക്സ് പ്ലാറ്റ്ഫോമിൽ (ട്വിറ്റർ) കുറിച്ചു. എക്കാലത്തും രാജ്യ താൽപര്യത്തിനായിരിക്കണം പ്രഥമ പരിഗണനയെന്നും ജയറാം രമേശ് കുറിച്ചു. "ഭീകരതയ്ക്കെതിരായ നമ്മുടെ രാജ്യത്തിന്റെ പോരാട്ടത്തിൽ യാതൊരുവിധ വിട്ടുവീഴ്ചയും പാടില്ലെന്നാണ് കോൺഗ്രസ് നിലപാട്.

പ്രത്യേകിച്ചും, ഭീകരവാദം ഇന്ത്യയുടെ പരമാധികാരത്തിനും ഐക്യത്തിനും അഖണ്ഡതയ്ക്കും ഭീഷണി സൃഷ്ടിക്കുമ്പോൾ.

എക്കാലവും നമ്മുടെ രാജ്യത്തിന്റെ താൽപര്യങ്ങൾക്കാണ് പ്രഥമ പരിഗണന നൽകേണ്ടത്" ജയറാം രമേശ് കുറിച്ചു.

ഖലിസ്ഥാൻ വിഘടനവാദി നേതാവ് ഹർദീപ് സിങ് നിജ്ജാറിന്റെ കൊലപാതകത്തിൽ പങ്കുണ്ടെന്ന് ആരോപിച്ച് ഇന്ത്യൻ നയതന്ത്രജ്ഞനെ പുറത്താക്കിയ കാനഡയ്ക്കെതിരെ, അതേ നാണയത്തിൽ ഇന്ത്യ തിരിച്ചടിച്ചിരുന്നു. ഇന്ത്യയിലെ മുതിർന്ന കാനഡ നയതന്ത്ര പ്രതിനിധിയെ പുറത്താക്കിക്കൊണ്ടായിരുന്നു തിരിച്ചടി.

ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം വഷളായിരിക്കെയാണ്, കേന്ദ്ര സർക്കാരിന് പിന്തുണ പ്രഖ്യാപിച്ച് കോൺഗ്രസ് രംഗത്തെത്തിയത്.

## കോഴിക്കോട്ട് പട്ടികജാതി യുവാവിനെ പോലീസ് മദ്യപാനിയാനിയാക്കി അധിക്ഷേപിച്ചതായി പരാതി

കോഴിക്കോട്: കുരുവട്ടൂരിൽ പട്ടികജാതി യുവാവിനെ പൊലീസ് മദ്യപാനിയാക്കി അധിക്ഷേപിച്ചതായി പരാതി. പട്ടികജാതി ക്ഷേമസമിതി കുരുവട്ടൂർ ലോക്കൽ കമ്മിറ്റി അംഗം ശ്രീകുമാറാണ് അധിക്ഷേപത്തിനിരയായത്. സംഭവത്തിൽ പട്ടികജാതി ക്ഷേമസമിതി പ്രവർത്തകരുടെ നേതൃത്വത്തിൽ ചേവായൂർ പൊലീസ് സ്റ്റേഷനിൽ പ്രതിഷേധിച്ചു.

വീടിനു സമീപത്തു നിന്ന് പ്രധാന റോഡിലേക്ക് സ്കൂട്ടറിൽ വരുന്നതിനിടെ എതിർ ദിശയിൽ നിന്ന് പൊലീസ് വാഹനം വന്നപ്പോൾ സ്കൂട്ടർ റോഡരികിലേക്ക് ഒതുക്കിനിർത്തി.

ഈ സമയം പൊലീസ് ജീപ്പിൽ ഉണ്ടായിരുന്ന ചേവായൂർ എസ് ഐ ശ്രീകുമാറിനെ വാഹനത്തിനിടത്തേക്ക് വിളിക്കുകയും മദ്യപിച്ചിട്ടുണ്ടോ എന്ന് ചോദിച്ച് ജീപ്പിൽ കയറാൻ ആവശ്യപ്പെടുകയുമായിരുന്നു എന്നാണ് പരാതി. ഭാര്യയും മക്കളുംമെത്തി ശ്രീകുമാർ മദ്യപിക്കാത്ത ആളാണെന്ന് പറഞ്ഞതോടെ പൊലീസ് ഇറക്കി വിടുകയായിരുന്നു എന്ന് ശ്രീക്കുമാർ പറഞ്ഞു. സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ സ്റ്റേഷനിൽ എത്തിയ പി.കെ എസ് പ്രാദേശിക നേതാക്കളോടും പോലീസ് അപമര്യാദയായി പെരുമാറിയതായും പരാതിയുണ്ട്. അതേസമയം, കണ്ടപ്പോൾ മദ്യപിച്ചതായി തോന്നിയതിനെ തുടർന്നാണ് പിടികൂടിയതെന്നും ഭാര്യയും മക്കളും എത്തിയതോടെ വിട്ടയക്കുകയായിരുന്നു എന്നുമാണ് പൊലീസ് വാദം. സംഭവത്തിൽ നടപടി ആവശ്യപ്പെട്ട് മുഖ്യമന്ത്രി, കമ്മീഷണർ എന്നിവർക്ക് പരാതി നൽകാൻ ഒരുങ്ങുകയാണ് ശ്രീകുമാർ.

## എം. എൽ. എമാർക്കുള്ള പരിശീലനത്തിൽ പങ്കെടുക്കാത്തവരെ വിമർശിച്ച് സ്പീക്കർ

തിരുവനന്തപുരം: നിയമസഭയിൽ ശരിയല്ലാത്തത് വിളിച്ചു പറയുന്നത് അവകാശമാണെന്ന് ധരിക്കുന്നവർ ഉണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നിയമസഭ സാമാജികർക്കുള്ള ഓറിയൻറേഷൻ ക്ലാസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. ഏത് ഘട്ടത്തിലും സീമ ലംഘിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. പരിശീലന ക്ലാസിൽ വരാത്ത സാമാജികരെ സ്പീക്കർ എ.എൻ ഷംസീർ വിമർശിച്ചു.നിയമസഭ സെക്രട്ടറിയേറ്റ് തീരുമാനിച്ച പ്രകാരമാണ് സാമാജികർക്കായി രണ്ട് ദിവസത്തെ പരിശീലന ക്ലാസ് സംഘടിപ്പിച്ചിരിക്കുന്നത്. സഭയിലെ നടപടിക്രമവും പെരുമാറ്റ രീതികളും അടക്കം വിദഗ്ധരായവർ പരിശീലന ക്ലാസിലൂടെ വിശദീകരിക്കും. സഭയുടെ അന്തസ് കെടുത്തുന്ന തരത്തിലാകരുത് സാമാജികരുടെ പ്രവർത്തനമെന്ന് ക്ലാസ് ഉദ്ഘാടനം ചെയ്ത് മുഖ്യമന്ത്രി



പിണറായി വിജയൻ പറഞ്ഞു. സഭ നടപടികൾക്ക് ചേർന്ന രീതിയിൽ തന്നെയാണോ ചില കാര്യങ്ങൾ ഉയർന്നുവരുന്നതെന്ന് ശ്രദ്ധിക്കണമെന്ന് മുഖ്യമന്ത്രി ഓർമിപ്പിച്ചു.

നിയമസഭാ അംഗങ്ങൾക്ക് ധാരണക്കുറവുണ്ടെന്ന് സ്പീക്കർ പറഞ്ഞു. സഭയിൽ എങ്ങനെ പെരുമാറണമെന്ന് പഠിപ്പിക്കേണ്ടിയിരിക്കുന്നു. പ്രതിപക്ഷ നേതാവും പരിശീലന സെഷൻറെ ഭാഗമായി സാമാജികർക്ക് ക്ലാസ് എടുത്തു.

## അലൻസിയറിനെതിരെ വനിതാ കമ്മിഷൻ സ്വമേധയാ കേസെടുത്തു; എസ്.പിയോട് റിപ്പോർട്ട് തേടി

തിരുവനന്തപുരം: മാധ്യമപ്രവർത്തകയോട് അപമര്യാദയായി പെരുമാറിയ സിനിമ നടൻ അലൻസിയറിനെതിരെ കേരള വനിത കമ്മിഷൻ സ്വമേധയാ കേസെടുത്തു. സംഭവം സംബന്ധിച്ച് തിരുവനന്തപുരം റൂറൽ എസ്പി ഡി. ശിൽപ്പയോട് റിപ്പോർട്ട് ആവശ്യപ്പെട്ടതായി വനിത കമ്മിഷൻ അധ്യക്ഷ അഡ്വ. പി. സതീദേവി പറഞ്ഞു. സംസ്ഥാന ചലച്ചിത്ര അവാർഡ് വിതരണ ചടങ്ങിൽ പുരസ്കാരം സ്വീകരിച്ച ശേഷം സ്ത്രീകളെ അവഹേളിക്കുന്ന വിധത്തിലാണ് അലൻസിയർ പരാമർശം നടത്തിയത്. സംസ്ഥാന ചലച്ചിത്ര അവാർഡ് സ്വീകരിച്ച ശേഷം പുരസ്കാരമായി പെൺപ്രതിമ നൽകി പ്രലോഭിപ്പിക്കരുതെന്ന് പ്രഗത്ഭർ നിറഞ്ഞ സദസിനു മുൻപാകെ അലൻസിയർ നടത്തിയ പരാമർശം അങ്ങേയറ്റം അപലപനീയമാണ്. വിയോജിപ്പുണ്ടെങ്കിൽ അവാർഡ് അദ്ദേഹം സ്വീകരിക്കരുതായിരുന്നു. അവാർഡ് സ്വീകരിച്ച ശേഷം ഇത്തരത്തിൽ ഒരു പരാമർശം നടത്തിയത് ഉചിതമായില്ല.

ഈ സംഭവത്തിനു ശേഷം തനിക്കു പറ്റിയ അബദ്ധം തിരുത്തുമെന്നാണ് കേരളത്തിലുള്ള മുഴുവൻ ആളുകളും പ്രതീക്ഷിച്ചത്. എന്നാൽ, അത് ഉണ്ടായില്ലെന്നു മാത്രമല്ല, പിന്നീട് അഭിമുഖം നടത്തുന്നതിന് എത്തിയ മാധ്യമ പ്രവർത്തകയോട് തികച്ചും മ്ലേച്ഛമായിട്ടുള്ള പദപ്രയോഗത്തിലൂടെയാണ് അലൻസിയർ സംസാരിച്ചത്. ചാനൽ പ്രവർത്തകയായ പെൺകുട്ടിയോട് ഇത്തരത്തിൽ അവഹേളിച്ചു കൊണ്ട് സംസാരിച്ചതിനെതിരേ നൽകിയ പരാതിയിൽ അലൻസിയറിനെതിരേ തിരുവനന്തപുരം റൂറൽ എസ്പി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വനിത കമ്മിഷൻ ഇതു സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടതായും വനിത കമ്മിഷൻ അധ്യക്ഷ പറഞ്ഞു.

നടൻ അലൻസിയറിന്റെ പെൺപ്രതിമ പരാമർശത്തിൽ പ്രതികരണവുമായി മന്ത്രി മന്ത്രി ജെ. ചിഞ്ചു റാണി രംഗത്തെത്തിയിരുന്നു. സംസ്ഥാന സർക്കാരിന്റെ ചലച്ചിത പുരസ്കാരം ഏറ്റുവാങ്ങി അലൻസിയർ നടത്തിയ പ്രസ്താവന അപലപനീയവും സാംസ്കാരിക കേരളത്തിന് നിരക്കാത്തതുമാണെന്ന് മന്ത്രി ജെ ചിഞ്ചു റാണി പറഞ്ഞു. മനസ്സിൽ ഒളിഞ്ഞിരിക്കുന്ന സ്ത്രീവിരുദ്ധത സ്ഥലകാല ബോധമില്ലാതെ പുറത്തുവന്നതിന്റെ തെളിവാണ് അദ്ദേഹത്തിന്റെ പ്രസ്താവന. സ്ത്രീപക്ഷ കാഴ്ചപ്പാട് മുന്നോട്ടുവെച്ചു കൊണ്ടാണ് സ്ത്രീയുടെ രൂപം ആലേഖനം ചെയ്ത ശില്പം നൽകുന്നത്. അനുചിതമായ പ്രസ്താവന പിൻവലിച്ച് അദ്ദേഹം ഖേദം രേഖപ്പെടുത്തണമെന്ന് മന്ത്രി ജെ. ചിഞ്ചു റാണി ആവശ്യപ്പെട്ടു.

## പൊതുനിരത്തിൽ പെൺകുട്ടികളെ പ്രാങ്ക് ചെയ്തു; യുവാക്കൾ പൊലിസ് പിടിയിൽ

തിരുവനന്തപുരം: നെയ്യാറ്റിൻകരയിൽ പൊതു നിരത്തിൽ മുഖം മൂടിയണിഞ്ഞ് പ്രാങ്ക് ചെയ്ത യുവാക്കളെ പൊലിസ് അറസ്റ്റ് ചെയ്തു. ആനാവൂർ സ്വദേശി മിഥുൻ, പാലിയോട് സ്വദേശി കണ്ണൻ എന്നിവരാണ് പിടിയിലായത്. കാർട്ടൂൺ കഥാപാത്രങ്ങളുടെ മുഖം മൂടി ധരിച്ച് ആളുകളെ പ്രാങ്ക് ചെയ്ത് വീഡിയോ ദൃശ്യങ്ങൾ പകർത്തുകയായിരുന്നു ഇരുവരും. നെയ്യാറ്റിൻകര കോൺമെന്റ് റോഡിൽ വെച്ചായിരുന്നു സംഭവം. മുഖം മൂടി ധരിച്ചെത്തിയ യുവാക്കൾ വിദ്യാർഥിനികളെ അനുവാദമില്ലാതെ സ്പർശിക്കുകയും കെട്ടിപിടിക്കുകയും ചെയ്യുന്ന വീഡിയോ സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു. ഇത് വലിയ പ്രതിഷേധങ്ങൾക്ക് കാരണമായിരുന്നു. തുടർന്ന് പ്രദേശവാസികൾ സംഭവത്തിന്റെ സി.സി.ടി.വി ദൃശ്യങ്ങൾ ശേഖരിച്ച് പൊലിസിൽ പരാതി നൽകുകയായിരുന്നു. ഇതിന് മുമ്പും സമാനമായ പരാതികൾ ഉയർന്നുവന്നിരുന്നു. മുഖം മൂടി ധരിച്ച് ബൈക്കിലെത്തിയ സംഘം വിദ്യാർഥിനികളോട് മോശമായി പെരുമാറിയ സംഭവം നേരത്തെ റിപ്പോർട്ട് ചെയ്തിരുന്നു. പരാതികൾ വ്യാപകമായതിന് പിന്നാലെയാണ് പൊലിസിന്റെ നടപടി.

## പിഎസ്‌സി നിയമന തട്ടിപ്പ്; മുഖ്യപ്രതി രാജലക്ഷ്മി കീഴടങ്ങി

തിരുവനന്തപുരം: പിഎസ്‌സി നിയമന തട്ടിപ്പ് കേസിൽ മുഖ്യപ്രതി രാജലക്ഷ്മി കീഴടങ്ങി. കഴക്കൂട്ടം സ്റ്റേഷനിലെത്തിയാണ് രാജലക്ഷ്മി കീഴടങ്ങിയത്. കഴിഞ്ഞദിവസം കേസിലെ മറ്റൊരു പ്രതി തൃശൂർ സ്വദേശിനി രശ്മി കീഴടങ്ങിയിരുന്നു. രശ്മിയുടെ നേതൃത്വത്തിലാണ് ഉദ്യോഗാർത്ഥികൽൽ നിന്ന് പണം പിരിച്ചത്. പിഎസ്സിയുടെ വ്യാജ നിയമന ഉത്തരവ് നൽകി ഉദ്യോഗാർത്ഥികളിൽ നിന്ന് ലക്ഷങ്ങൾ തട്ടിയെന്നാണ് കേസ്. പ്രതികളായ ആർ രാജലക്ഷ്മി, വാവ അടൂർ എന്നിവർക്കെതിരെ പൊലീസ് നേരത്തെ ലുക്കൗട്ട് നോട്ടീസ് പുറത്തിറക്കിയിരുന്നു. ടൂറിസം, വിജിലൻസ്, ഇൻകം ടാക്സ് എന്നീ ഡിപ്പാർട്ടുമെന്റുകളിൽ ക്ലർക്കായി നിയമം ലഭിച്ചുവെന്ന് വ്യാജ രേഖയുണ്ടാക്കിയാണ് തട്ടിപ്പ് നടത്തിയത്. നാലു ലക്ഷം വീതം പണം നൽകിയവർ ഈ നിയമന ഉത്തരവുമായി പിഎസ്എസി ആസ്ഥാനത്ത് എത്തിയതോടെയാണ് തട്ടിപ്പ് പുറത്തായത്. മെഡിക്കൽ കോളജ് പൊലീസ് രജിസ്റ്റർ ചെയ്ത കേസ് ഉന്നത ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പ്രത്യേക ടീമാണ് അന്വേഷിക്കുന്നത്.

## പാടത്ത് യുവാവിന്റെ മൃതദേഹം; കൊലപാതകമെന്ന് സംശയം

പത്തനംതിട്ട: കോയിപ്രം അയിരക്കാവ് പാടത്ത് യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തി. വെട്ടേറ്റു മരിച്ച നിലയിലാണ് കണ്ടെത്തിയത്. അയിരക്കാവ് പാറയ്ക്കൽ പ്രദീപ് (35) എന്നയാളാണ് മരിച്ചത്. കൊലപാതകമാണെന്നാണ് സംശയം. പൊലീസ് സ്ഥലത്ത് എത്തി പരിശോധന നടത്തുന്നു.
രാവിലെയാണ് പ്രദീപന്റെ വീടിന് സമീപത്തുള്ള പാടത്തിന് നടുവിൽ കമിഴ്ന്നുകിടക്കുന്ന നിലയിൽ മൃതദേഹം കാണുന്നത്.നാട്ടുകാർ വിവരം പൊലീസിനെ അറിയിക്കുകയായിരുന്നു. ഇയാളുടെ വീടിന് സമീപത്തുനിന്നും ഒരു സ്ത്രീയെ കാണാതായിരുന്നു. അതുമായി ബന്ധപ്പെട്ടാണ് കൊലപാതകമെന്നാണ് പൊലീസിന്റെ സൂചന.

# മന്ത്രിക്ക് നേരെ ജാതി വിവേചനം



പയ്യന്നൂർ: ദേവസ്വം മന്ത്രി കെ. രാധാകൃഷ്ണന് നേരെ പയ്യന്നൂരിലെ ക്ഷേത്രത്തിൽ ജാതിവിവേചനം. നഗരത്തോട് ചേർന്ന മലബാർ ദേവസ്വം ബോർഡിന് കീഴിലെ നമ്പ്യാത്രകൊവ്വൽ ശിവക്ഷേത്രത്തിലാണ് മന്ത്രി വിവേചനം നേരിട്ടത്.കഴിഞ്ഞ ജനുവരി 26 ന് ക്ഷേത്രത്തിന്റെ നടപ്പന്തൽ ഉദ്ഘാടനത്തിന് പൂജാരിമാർ വിളക്കു കൊളുത്തിയ ശേഷം മന്ത്രിക്ക് കൈമാറാതെ താഴെ വെച്ചതാണ് വിവാദമായത്. താഴെ നിന്ന് വിളക്കെടുത്ത് ദേവസ്വം എക്സിക്യൂട്ടിവ് ഓഫിസർ മന്ത്രിക്ക് നൽകിയെങ്കിലും മന്ത്രി അത് വാങ്ങാൻ തയാറായില്ല. ഈ സമയത്ത് സി.പി.എം നേതാവും സ്ഥലം എം.എൽ.എയുമായ ടി.ഐ. മധുസൂദനൻ, ക്ഷേത്രം ട്രസ്റ്റി ബോർഡ് ചെയർമാനും പ്രാദേശിക സി.പി.എം നേതാവുമായ ടി.പി.സുനിൽകുമാർ, നഗരസഭ ജനപ്രതിനിധികൾ തുടങ്ങിയവർ സ്ഥലത്തുണ്ടായിരുന്നു.
ഉദ്ഘാടനത്തോട് അനുബന്ധിച്ച് മന്ത്രിയുടെ പ്രസംഗത്തിൽ ജാതി വിവേചനം വിഷയമായി വന്നുവെങ്കിലും അന്നത്തെ അനുഭവവുമായി ബന്ധപ്പെടുത്തിയിരുന്നില്ല. അതു കൊണ്ടു തന്നെ സംഭവം അന്നത്ര വിവാദമാകുകയും ചെയ്തില്ല. എന്നാൽ, കഴിഞ്ഞ ദിവസം കോട്ടയത്തു നടന്ന ഭാരതീയ വേലൻ സൊസൈറ്റി സംസ്ഥാന സമ്മേളനത്തിൽ മന്ത്രി ദുരനുഭവം പറഞ്ഞതോടെ സംഭവം വിവാദമായത്.അതേസമയം, വിളക്ക് നിലത്ത് വെച്ചത് വിവേചന മനോഭാവത്തിലല്ലെന്നും ആചാരത്തിൻറെ ഭാഗമാണെന്നുമാണ് ബന്ധപ്പെട്ടവർ വ്യക്തമാക്കുന്നത്. ശാന്തി ശുദ്ധം പൂജാരിമാർ പാലിക്കേണ്ട ആചാരങ്ങളിലൊന്നാണ്. കുളിച്ച് പൂജക്ക് തയാറായാൽ മറ്റുള്ളവരുമായി സമ്പർക്കം പാടില്ലെന്ന ആചാരം പാലിക്കുക മാത്രമാണുണ്ടായതെന്നാണ് പൂജാരിമാർപറയുന്നത്.

# 58 കണ്ടെയിൻമെന്റ് സോണുകളിൽ ഇളവ്

## കടകൾ രാത്രി എട്ടു മണിവരെ, ബാങ്കുകൾക്ക് 2 മണിവരെ പ്രവർത്തിക്കാം



കോഴിക്കോട്: നിപ വൈറസ് ബാധയെ തുടർന്ന് കോഴിക്കോട് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ ഇളവ്. ആദ്യം പ്രഖ്യാപിച്ച കണ്ടെയിൻമെന്റ് സോണുകളിലാണ് ഇളവ് നൽകിയിരിക്കുന്നത്. കടകൾ പ്രോട്ടോക്കോൾ പാലിച്ച് രാത്രി എട്ടു മണിവരെ തുറക്കാം. ബാങ്കുകൾക്ക് ഉച്ചയ്ക്ക് രണ്ടു മണിവരെ പ്രവർത്തിക്കാം. 9 പഞ്ചായത്തുകളിലെ 58 കണ്ടെയിൻമെന്റ് സോണുകളിലാണ് ഇളവ് പ്രഖ്യാപിച്ചിരിക്കുന്നത്. സംസ്ഥാനത്ത് പുതിയ നിപ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് വ്യക്തമാക്കി. ജില്ലകൾ ജാഗ്രത തുടരണം. സമ്പർക്കപ്പട്ടികയിലുള്ളവർ സമ്പർക്ക ദിവസം മുതൽ 21 ദിവസം ഐസൊലേഷനിൽ കഴിയേണ്ടതാണെന്നും മന്ത്രി പറഞ്ഞു. കോഴിക്കോട്, തൃശൂർ, മലപ്പുറം, വയനാട്, പാലക്കാട്, കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.ഓരോ ജില്ലയിലേയും ഐസൊലേഷൻ, ചികിത്സാ സംവിധാനങ്ങൾ എന്നിവ യോഗം വിലയിരുത്തി. കോഴിക്കോടിന് പുറമേ മറ്റ് ജില്ലകളും ജാഗ്രതയോടെ പ്രവർത്തിക്കുകയാണ്. 45 പേർ മറ്റു ജില്ലകളിലായി ക്വാറന്റൈനിൽ കഴിയുന്നു. ജില്ലകളിൽ ഫീവർ സർവെയലൻസ്, എക്സപേർട്ട് കമ്മിറ്റി മീറ്റിഗ് എന്നിവ നടത്തി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ നിപ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി തുടരുകയാണ്. സ്റ്റേറ്റ് ആർആർടി കൂടി വേണ്ട മാർഗനിർദേശങ്ങൾ നൽകി. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ സംസ്ഥാനതല കൺട്രോൾ റൂം പ്രവർത്തിച്ചു വരുന്നു. എല്ലാ ജില്ലകളിലും സർവയലെൻസിന്റെ ഭാഗമായി നിരീക്ഷണം ശക്തമാക്കാൻ നിർദേശം നൽകിയിരുന്നു. എല്ലാ ജില്ലകളിലും പ്രത്യേകമായി ഒരു ആംബുലൻസ്, ഐസൊലേഷൻ വാർഡുകൾ എന്നിവയും സജ്ജമാക്കിയിട്ടുണ്ട്. ഇ സഞ്ജീവനി ടെലിമെഡിസിൻ സേവനം ശക്തമാക്കി. മാനസിക പിന്തുണയ്ക്കായി ടെലിമനസിന്റെ ഭാഗമായി സൈക്കോ സോഷ്യൽ സപ്പോർട്ട് ടീം രൂപീകരിച്ചു. നിപ രോഗവുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലെയും ജില്ലാ സർവെയലൻസ് ഓഫീസർമാർ, മെഡിക്കൽ ഓഫീസർമാർ, നഴ്സിംഗ് ഓഫീസർമാർ, ഹെൽത്ത് സൂപ്പർവൈസർമാർ, ഹെൽത്ത് ഇൻസ്‌പെക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ, നഴ്‌സിങ് അസിസ്റ്റന്റ്മാർ തുടങ്ങി 6000 ഓളം ജിവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

# സ്ഥിതിഗതികൾ നിയന്ത്രണ വിധേയം; ജാഗ്രത തുടരണം; പ്രോട്ടോകോൾ നടപടി സ്വീകരിക്കണം; വീണാ ജോർജ്



തിരുവനന്തപുരം: സംസ്ഥാനത്ത് പുതുതായി നിപ കേസുകൾ റിപ്പോർട്ട് ചെയ്യുന്നില്ലെങ്കിലും ജില്ലകൾ ജാഗ്രത തുടരണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാജോർജ്. സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാണ്. എങ്കിലും നിരന്തരം വീക്ഷിച്ച് പ്രോട്ടോകോൾ പ്രകാരമുള്ള നടപടി സ്വീകരിക്കണം. സമ്പർക്കപ്പട്ടികയിലുള്ളവർ സമ്പർക്ക ദിവസം മുതൽ 21 ദിവസം ഐസൊലേഷനിൽ കഴിയേണ്ടതാണെന്നും മന്ത്രി പറഞ്ഞു. കോഴിക്കോട്, തൃശൂർ, മലപ്പുറം, വയനാട്, പാലക്കാട്, കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.
ഓരോ ജില്ലയിലേയും ഐസൊലേഷൻ, ചികിത്സാ സംവിധാനങ്ങൾ എന്നിവ യോഗം വിലയിരുത്തി. കോഴിക്കോടിന് പുറമേ മറ്റ് ജില്ലകളും ജാഗ്രതയോടെ പ്രവർത്തിക്കുകയാണ്. 45 പേർ മറ്റുജില്ലകളിലായി ക്വാറന്റൈനിൽ കഴിയുന്നു. ജില്ലകളിൽ ഫീവർ സർവെയലൻസ്, എക്സ്പേർട്ട് കമ്മിറ്റി മീറ്റിഗ് എന്നിവ നടത്തി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്.സംസ്ഥാനതലത്തിൽ നിപ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി തുടരുകയാണ്. സ്റ്റേറ്റ് ആർആർടി കൂടി വേണ്ട മാർഗനിർദേശങ്ങൾ നൽകി. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ സംസ്ഥാനതല കൺട്രോൾ റൂം പ്രവർത്തിച്ചു വരുന്നു. എല്ലാ ജില്ലകളിലും സർവയലെൻസിന്റെ ഭാഗമായി നിരീക്ഷണം ശക്തമാക്കാൻ നിർദേശം നൽകിയിരുന്നു. എല്ലാ ജില്ലകളിലും പ്രത്യേകമായി ഒരു ആംബുലൻസ്, ഐസൊലേഷൻ വാർഡുകൾ എന്നിവയും സജ്ജമാക്കിയിട്ടുണ്ട്. ഇ സഞ്ജീവനി ടെലിമെഡിസിൻ സേവനം ശക്തമാക്കി. മാനസിക പിന്തുണയ്ക്കായി ടെലിമനസിന്റെ ഭാഗമായി സൈക്കോ സോഷ്യൽ സപ്പോർട്ട് ടീം രൂപീകരിച്ചു. നിപ രോഗവുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലെയും ജില്ലാ സർവെയലൻസ് ഓഫീസർമാർ, മെഡിക്കൽ ഓഫീസർമാർ, നഴ്സിംഗ് ഓഫീസർമാർ, ഹെൽത്ത് സൂപ്പർവൈസർമാർ, ഹെൽത്ത് ഇൻസ്‌പെക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ, നഴ്സിങ് അസിസ്റ്റന്റ്മാർ തുടങ്ങി 6000 ഓളം ജിവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.ആരോഗ്യ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, കോഴിക്കോട്, തൃശൂർ, മലപ്പുറം, വയനാട്, പാലക്കാട്, കണ്ണൂർ ജില്ലകളിലെ ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## ധനകാര്യ സ്ഥാപനത്തിൽനിന്ന് 1.25കോടിയുടെ സ്വർണം കവർന്ന കേസ്; ഒരാൾ അറസ്റ്റിൽ,

കോട്ടയം: കുറിച്ചി മന്ദിരം കവലയിൽ സ്വകാര്യ ധനകാര്യ സ്ഥാപനത്തിൽ നിന്ന് 1.25 കോടിയുടെ പണയ സ്വർണവും 8 ലക്ഷം രൂപയും മുദ്രപ്പത്രങ്ങളും അപഹരിച്ച കേസിൽ ഒരാൾ പിടിയിൽ. പത്തനംതിട്ട കൂടൽ സ്വദേശി അനീഷ് ആന്റണി (26) ആണ് അറസ്റ്റിലായത്.
ഒരാൾ കൂടി പിടിയിലാകാനുണ്ടെന്നും കോട്ടയം എസ്പി അറിയിച്ചു.
സുധ ഫിനാൻസ് എന്ന സ്വർണപ്പണയ ഇടപാട് സ്ഥാപനത്തിലാണ് മോഷണം നടന്നത്. ഇരുനിലക്കെട്ടിടത്തിന്റെ മുകൾനിലയിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. ശനിയാഴ്ച വൈകിട്ട് അടച്ച സ്ഥാപനം ഞായറാഴ്ച അവധിയായതിനാൽ തുറന്നിരുന്നില്ല.
താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരിയാണ് ഗേറ്റിന്റെ താഴ് അറുത്തുമാറ്റിയ നിലയിൽ കണ്ടത്. ഇവർ അറിയിച്ചതനുസരിച്ചു സ്ഥാപന ഉടമയും ബന്ധുക്കളും എത്തി പൊലീസിനെ വിവരം അറിയിക്കുകയായിരുന്നു.
പൊലീസ് നടത്തിയ പരിശോധനയിലാണ് വൻ കവർച്ച നടന്നതായി ബോധ്യപ്പെട്ടത്. താഴത്തെ ഗേറ്റിന്റെ താഴ് അറുത്തുമാറ്റിയ ശേഷം മുകളിലെ ഷട്ടറിന്റെ താഴും അകത്തെ വാതിലിന്റെ പൂട്ടും കുത്തിത്തുറന്നാണ് അകത്തു കയറിയത്. സ്വർണാഭരണങ്ങളും പണവും അടങ്ങിയ ലോക്കർ കട്ടർ ഉപയോഗിച്ചു പൊളിക്കുകയായിരുന്നു. സ്ഥാപനത്തിലും കയറിയ പടികളിലും സോപ്പുപൊടി വിതറിയിരുന്നു. പൊലീസ് നായയ്ക്ക് മണം ലഭിക്കാതിരിക്കാനാണ് ഇങ്ങനെ ചെയ്തത്.
സിസിടിവി ദൃശ്യങ്ങൾ രേഖപ്പെടുത്തുന്ന ഡിവിആർ അടക്കം അപഹരിച്ചു.

## 2000 പൊതു ഇടങ്ങളിൽ ഇനി സൗജന്യ വൈഫൈ; പദ്ധതിക്ക് ഭരണാനുമതി

തിരുവനന്തപുരം: സംസ്ഥാന സർക്കാർ നടപ്പാക്കുന്ന കെ-ഫൈ പദ്ധതി വഴി 2000 പൊതു ഇടങ്ങളിൽ കൂടി സൗജന്യ വൈഫൈ ഒരുക്കുന്നു. ഐടി മിഷൻ മുഖാന്തരമാണ് പദ്ധതി നടപ്പാക്കുന്നത്.
പദ്ധതിക്ക് 20 കോടിയുടെ ഭരണാനുമതി നൽകി. നേരത്തെ ഈ പദ്ധതിയനുസരിച്ചു നിരവധി ബസ് സ്റ്റാൻഡുകൾ, ജില്ലാ ഭരണ കേന്ദ്രങ്ങൾ, പഞ്ചായത്ത് കേന്ദ്രങ്ങൾ, പാർക്കുകൾ, പ്രധാന സർക്കാർ ഓഫീസുകൾ, ലൈബ്രറികൾ, പ്രധാന സർക്കാർ ആശുപത്രികൾ എന്നിവിടങ്ങളിൽ ഇതിനകം വൈഫൈ സൗകര്യം ഒരുക്കിയിട്ടുണ്ട്. അതിനു പുറമേയാണ് പുതിയ 2000 വൈഫൈ ഹോട്ട്സ്പോട്ടുകൾ.
മുഖ്യമന്ത്രിയുടെ കുറിപ്പ്
രണ്ടായിരം പൊതു ഇടങ്ങളിൽ കൂടി ഇനി സൗജന്യ വൈഫൈ. സംസ്ഥാന സർക്കാർ നടപ്പാക്കുന്ന കെ-ഫൈ പദ്ധതി വഴി ഐടി മിഷൻ മുഖാന്തരമാണ് ഹോട്ട്സ്പോട്ടുകൾ ഒരുക്കുന്നത്. ഇതിനായി 20 കോടിയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി. നിരവധി ബസ് സ്റ്റാൻഡുകൾ, ജില്ലാ ഭരണ കേന്ദ്രങ്ങൾ, പഞ്ചായത്ത് കേന്ദ്രങ്ങൾ, പാർക്കുകൾ, പ്രധാന സർക്കാർ ഓഫീസുകൾ, ലൈബ്രറികൾ, പ്രധാന സർക്കാർ ആശുപത്രികൾ എന്നിവിടങ്ങളിൽ ഇതിനകം വൈഫൈ സൗകര്യം ഒരുക്കിയിട്ടുണ്ട്. അതിനു പുറമേയാണ് പുതിയ 2000 വൈഫൈ ഹോട്ട്സ്പോട്ടുകൾ.
സാങ്കേതിക വിദ്യയുടെ ഗുണഫലം ലഭ്യമാക്കുന്നതോടൊപ്പം സർക്കാർ സേവനങ്ങൾ സുതാര്യവും അനായാസവുമായി എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഏല്ലാവർക്കും പബ്ലിക്ക് വൈഫൈ സൗകര്യമുറപ്പാക്കുന്ന കെ ഫൈ ഉൾപ്പെടെ ഈ രംഗത്ത് നടപ്പാക്കുന്ന പദ്ധതികളിലൂടെ സമ്പൂർണ ഡിജിറ്റൽ സംസ്ഥാനമെന്ന ലക്ഷ്യത്തിലേക്കടുക്കുകയാണ് നാം.

## മന്ത്രി രാധാകൃഷ്ണന്റെ വെളിപ്പെടുത്തൽ ഞെട്ടിക്കുന്നത്

സംസ്ഥാന ദേവസ്വം മന്ത്രിയായ മന്ത്രി കെ രാധാകൃഷ്ണൻ നടത്തിയ വെളിപ്പെടുത്തൽ മനുഷ്യമനസാക്ഷിയെ ഞെട്ടിക്കുന്നതാണ്. ദേവസ്വം മന്ത്രിയായ തനിക്ക് ക്ഷേത്രത്തിൽവെച്ച് ജാതിവിവേചനം നേരിടേണ്ടിവെന്നുയെന്നാണ് അദ്ദേഹം വെളിപ്പെടുത്തിയത്. ജാതികോമരങ്ങളുടെ ഭൂതങ്ങൾ ഇപ്പോഴും നമ്മുടെ സംസ്ഥാനത്തും അവശേഷിക്കുന്നുണ്ടെന്നാണ് ഇത് വ്യക്തമാക്കുന്നത്.

മനുഷ്യനെ മനുഷ്യനായി കാണാത്ത ജാതിവ്യവസ്ഥക്കെതിരെ ഉജ്ജ്വലമായ പോരാട്ടം നടന്നമണ്ണാണ് കേരളം. ശ്രീനാരായണ ഗുരുവും അയ്യങ്കാളിയും വക്കം മൗലവിയെ പോലുള്ള സാമൂഹിക പരിശ്കർത്താക്കൾ സാമൂഹികമാറ്റത്തിന്റെ കാഹളമൂതിയ നമ്മുടെ നാട്ടിൽ ഇപ്പോഴും ജാതിചിന്തകൾ ചിലരെങ്കിലും മനസിൽ സൂക്ഷിക്കുന്നുണ്ടെന്നുള്ളത് ആശങ്കാജനകമാണ്. ഒരുക്ഷേത്രത്തിൽ ഒരുപരിപാടിക്ക് പോകുകയും, ഉദ്ഘാടനത്തിന് പൂജാരി വിളക്ക് കൊണ്ടുവരികയും അദ്ദേഹമത് കത്തിക്കുകയും അതിന് ശേഷം സഹപൂജാരിക്ക് കൊടുക്കുകയും മന്ത്രിയായ തന്നെ വിളക്ക് കൊളുത്താൻ അനുവദിച്ചില്ലെന്നും ഈഘട്ടത്തിൽ തന്നെ ഈ നീചപ്രവർത്തികാണിച്ചവരോട് രൂക്ഷമായി പ്രതികരിച്ചെന്നുമാണ് മന്ത്രി വെളിപ്പെടുത്തിയത്. തുടർന്ന് വേദിയിൽവെച്ച് അദ്ദേഹം ഇക്കാര്യം തുറന്ന് പറയുകയും ചെയ്തു. മറ്റൊന്ന്കൂടി അദ്ദേഹം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ജാതിഭ്രഷ്ട് കാണിക്കുന്ന മേലാളജാതിക്കാർക്ക് പണത്തിന്റെ അയിത്തമില്ലെന്ന്. അത് ആര്കൊടുത്താലും ഇക്കൂട്ടർ യാതൊരുമടിയുമില്ലാതെ വാങ്ങുന്നുണ്ട്. ഈവാങ്ങുന്നപണം ഏതൊക്കെ ആളുകളിലൂടെ കൈമറിഞ്ഞാണ് ജാതിവിവേചനം മനസിൽ കൊണ്ട്നടക്കുന്നവരുടെ കൈകളിലെത്തുന്നത്. ഇറച്ചിവെട്ടുകാരന്റെ, മത്സ്യക്കച്ചവടക്കാരന്റെ ഇവർ ജാതിഭ്രഷ്ട് കാണിക്കുന്നവരുടെയൊക്കെ കൈകളിലൂടെ പോക്കറ്റുകളിലൂടെ കറങ്ങിത്തിരിഞ്ഞെത്തുന്ന പണം വാങ്ങാൻ യാതൊരു അയിത്തവുമില്ല. ജാതിവിവേചനത്തിന്റെ ശക്തികൾ ഇടപെടുന്നുണ്ടെന്നത് പച്ചയായ യാഥാർത്ഥ്യമാണ്. ഇത്തരം മതത്തിന്റെ ശക്തികളെ പോയി വണങ്ങി വോട്ടിരക്കുന്ന രാഷ്ട്രീയ നേതൃത്വവും ഈ അപകടം ഉണ്ടാക്കിയവരുടെ പട്ടികയിൽ പ്രഥമസ്ഥാനത്താണ്. മതമെന്നതും, ദൈവവിശ്വാസമെന്നതും ഓരോവ്യക്തികളുടെയും വ്യക്തിപരമായ കാര്യങ്ങളാണെന്നിരിക്കെ മതനേതാക്കളെ മതത്തിന്റെ കാര്യം നോക്കാൻവിടുകയും രാഷ്ട്രസംബന്ധമായ കാര്യങ്ങൾ ഞങ്ങൾ നോക്കിക്കോളാമെന്ന് പറയാനുള്ള തന്റേടം രാഷ്ട്രീയനേതൃത്വം കാണിക്കാത്ത കാലത്തോളം നമുക്ക് ഇതിൽ നിന്നൊന്നും മോചനമുണ്ടാവില്ല. ഓരോമതത്തിന്റെയും നേതൃത്വത്തിലിരിക്കുന്നവർക്ക് തങ്ങളുടെ അനുയായികളെ സംഘടിപ്പിച്ച് നിർത്തേണ്ടത് അവരുടെ സ്വന്തം താത്പര്യമാണ്. അതിനവർക്ക് അവരുടേതായ ന്യായങ്ങളും നിരത്താനുണ്ടാവും. എന്നാൽ അതെല്ലാം വോട്ടുബാങ്കുകളായി മാറുമ്പോൾ അവിടെ ജനാധിപത്യം ക്ഷയിക്കും. പൗരന്മാർക്ക് രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനങ്ങൾ സ്വന്തം മനസിൽ വിലയിരുത്തി വിധിയെഴുതേണ്ടതാണ് ജനാധിപത്യം. അങ്ങിനെയുള്ള ഒരുജനാധിപത്യ ഭരണകൂടത്തിൽ ഇത്തരം മത മേലധ്യക്ഷന്മാരും പടിക്ക് പുറത്തായിരിക്കും എന്നാണർഥം. മതാധിപത്യത്തിലേക്ക് പോയരാജ്യങ്ങളുടെ കഥകളെല്ലാം നമ്മുടെ മുമ്പിലുണ്ട്. കൊല്ലും, കൊലയും ജനാധിപത്യ - പൗരാവകാശ ധ്വംസനങ്ങളുടെ കഥകളാണ് അവിടങ്ങളിൽ നിന്നെല്ലാം ഉയരുന്നത്. വോട്ട് ചെയ്യുമ്പേൾ നമ്മുടെ മതക്കാരന് അല്ലെങ്കിൽ ജാതിക്കാരന് വോട്ട് എന്ന രീതിയിലേക്ക് കേരളം മാറിക്കൊണ്ടിരിക്കുകയാണെന്നാണ് ജനപ്രതിനിധികളുടെ കണക്കെടുത്ത് നോക്കുമ്പോൾ വ്യക്തമാവുന്നത്. ഇങ്ങനെ പോയാൽ മതാധിഷ്ഠിത രാഷ്ട്രീയത്തിന് മുൻതൂക്കമുണ്ടാവുകയും ജനങ്ങൾ പരിപൂർണ്ണമായി ഭിന്നിപ്പിക്കപ്പെടുകയും ചെയ്യും.

അല്ലെങ്കിൽ തന്നെ മനുഷ്യരിൽ ചിലരെല്ലാം സ്വന്തം മതം, ജാതിനോക്കി വോട്ട് മാത്രമല്ല ജീവിതത്തിന്റെ സമസ്ത മേഖലകളിലും വേർതിരിവ് കാണിക്കുന്നുണ്ട്. ഇക്കാലത്ത് ജാതിയും മതവും പറയുന്ന പ്രമാണിമാരും ആൾദൈവങ്ങളടക്കം കൊറോണയുടെ കാലത്ത് എല്ലാം പൂട്ടിക്കെട്ടി മാളത്തിൽ ഒളിച്ചതും സമൂഹം മറന്നുപോകരുത്. അന്ന് മനുഷ്യജീവനിൽ രക്ഷാകവചമായത് ശാസ്ത്രം തന്നെയാണ്. പൂർവ്വികർ പല ആചാരങ്ങളു പിൻപറ്റിയിട്ടുണ്ടാവും. അത്തരം ആചാരങ്ങൾ ദുരാചാരങ്ങളാണെന്ന് ബോധ്യപ്പെടുമ്പോൾ അവയെ അവഗണിക്കലാണ് പരിശ്കൃത സമൂഹത്തിന്റെ ഉത്തരവദിത്വം.

ഓരോ സമുദായക്കാരും അവരുടെ സമുദായങ്ങളെ സംഘടിപ്പിക്കൽ ഓരോ മതക്കാരനും മതപരമായ പാർട്ടിയുണ്ടാക്കൽ എന്നിവയിൽ മുഴുകിയാൽ നമുക്കെവിടെ എല്ലാവരെയും ഉൾകൊള്ളാൻ കഴിയുന്ന മനുഷ്യരെ കണ്ടെത്താനാവും. ഒരാശുപത്രിയിൽ ചെന്നാൽ, അപകടത്തിൽപെട്ടാൽ മറ്റെന്തെങ്കിലും അവസ്ഥവന്നാൽ ജാതിയും മതവും നോക്കിയാണോ സമൂഹം മുന്നോട്ട് പോകുന്നത്. അവിടെ ജാതിയും മതവും പറഞ്ഞിരിക്കാൻ പറ്റുമോ?..ജാതിവിവേചനം അടക്കമുള്ള ചിന്തകൾ മനസിൽ പേറുന്ന മനുഷ്യർ വിവേകത്തിന്റെയും, മാനവികതയുടെയും പാതയിലേക്ക് വരേണ്ടതുണ്ട്. മാറ് മറയ്ക്കാൻ പറ്റാത്ത ഒരുകാലത്ത് നിന്ന് എല്ലാവർക്കും പള്ളിക്കൂടത്തിൽ പോവാൻ പറ്റാത്ത കാലത്ത്നിന്ന്, വഴിനടക്കാൻ സാധിക്കാത്ത് കാലത്ത് നിന്ന് പോരാടി നാം നേടിയെടുത്ത മാനവിക ദർശനം നശിപ്പിക്കാൻ ശ്രമിക്കുന്ന തമസിന്റെ ശക്തികളെ തുരത്താൻ പൊതുസമൂഹം ഉണരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

## രണ്ടാഴ്ചത്തെ പഴക്കം; ട്രോളി ബാഗിനുള്ളിൽ കണ്ടെത്തിയത് 19കാരിയുടെ മൃതദേഹമെന്ന് നിഗമനം

കണ്ണൂർ: കേരള-കർണ്ണാടക അതിർത്തിയിൽ മാക്കൂട്ടം ചുരത്തിൽ ട്രോളി ബാഗിനുള്ളിൽ കണ്ടെത്തിയ മൃതദേഹത്തിന് രണ്ടാഴ്ചയുടെ പഴക്കമുണ്ടെന്ന് പൊലീസ്. പതിനെട്ടോ പത്തൊൻപതോ പ്രായമുള്ള യുവതിയുടേതാണ് മൃതേദഹം എന്നാണ് പ്രാഥമിക നിഗനം. നാല് കഷണങ്ങളാക്കിയ നിലയിലാണ് ട്രോളി ബാഗിൽ മൃതദേഹം കണ്ടെത്തിയത്.
കണ്ണൂരിൽ നിന്നും ബംഗളുരുവിലേക്ക് പോകുന്ന പ്രധാന അന്തർസംസ്ഥാന പാതയാണ് മാക്കൂട്ടം ചുരം.കേരളാ അതിർത്തിയിൽ നിന്ന് 15 കീലോമീറ്ററോളം മാറി കർണാടക വനമേഖലയിലാണ് ചുരത്തിന് സമീപമുള്ള ഒരു കുഴിയിൽ ബാഗിനുള്ളിൽ ഉപേക്ഷിച്ച നിലയിൽ മൃതദേഹം കണ്ടെത്തിയത്.
കർണ്ണാടക വനംവകുപ്പ് ഉദ്യോഗസ്ഥരാണ് മൃതദേഹം കണ്ടെത്തിയത്. തുടർന്ന് പൊലീസിൽ വിവരമറിയിക്കുകയായിരുന്നു. വിരാജ്‌പേട്ട പൊലീസ് അന്വേഷണമാരംഭിച്ചിട്ടുണ്ട്. മൃതദേഹം വിരാജ്‌പേട്ട താലൂക്ക് ആശുപത്രിയിൽ മോർച്ചറിയിൽ സൂക്ഷിച്ചിട്ടുണ്ട്. ധാരാളം പേർ ദിനം പ്രതി സഞ്ചരിക്കുന്ന പാതയാണിത്. കേരളത്തിലേക്കും അന്വേഷണം വ്യാപിപ്പിക്കുമെന്നാണ് കർണാടക പൊലീസ് അറിയിച്ചത്.



## ആശുപത്രി സംരക്ഷണ ബില്ലിനു ഗവർണറുടെ അംഗീകാരം

തിരുവനന്തപുരം: ആശുപത്രി സംരക്ഷണ ബില്ലിനു ഗവർണറുടെ അംഗീകാരം. ആശുപത്രിക്കും ജീവനക്കാർക്കും ഏതിരായ അതിക്രമങ്ങൾ തടയുക ലക്ഷ്യമിട്ടാണ് ബിൽ കൊണ്ടുവന്നത്. കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡോ. വന്ദന ദാസിനെ കുത്തിക്കൊലപ്പെടുത്തിയ സംഭവത്തിനു പിന്നാലെയാണ് കർശന വ്യവസ്ഥകളോടെ നിയമം ഭേദഗതി ചെയ്ത് ഓർഡിനൻസ് ഇറക്കിയത്.
അക്രമം നടത്തുകയോ പ്രേരിപ്പിക്കുകയോ ചെയ്താൽ ശിക്ഷിക്കപ്പെടും. ആറ് മാസം മുതൽ അഞ്ച് വർഷം വരെ തടവും അര ലക്ഷം രൂപ മുതൽ രണ്ട് ലക്ഷം രൂപ വരെ പിഴയുമാണ് ശിക്ഷ.കേരള ആരോഗ്യ രക്ഷാ സേവന പ്രവർത്തകരും ആരോഗ്യ രക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ നിയമസഭയിൽ അവതരിപ്പിച്ചിരുന്നു. സബ്ജക്ട് കമ്മിറ്റിക്കു വിട്ട ബിൽ സഭയിൽ വീണ്ടും അവതരിപ്പിച്ചു.
പിന്നാലെയാണ് ഗവർണറുടെ അംഗീകരം. ആശുപത്രികൾക്കും ആരോഗ്യ പ്രവർത്തകർക്കും എതിരെ ആക്രമണം നടന്നാൽ ഇൻസ്‌പെക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ അന്വേഷിക്കണം. എഫ്ഐആർ രജിസ്റ്റർ ചെയ്യുന്നതു മുതൽ 60 ദിവസത്തിനകം അന്വേഷണം പൂർത്തിയാക്കണം. വിചാരണ നടപടികൾ ഒരു വർഷത്തിനകം പൂർത്തിയാക്കാൻ പരിശ്രമിക്കണം. കാലാവധി നീട്ടാൻ കോടതിക്ക് അധികാരമുണ്ട്. എന്നാൽ അതു ആറ് മാസത്തിൽ കൂടാൻ പാടില്ലെന്നും ബില്ലിൽ ശുപാർശയുണ്ട്.

## വാട്സ്ആപ് ഗ്രൂപ്പുണ്ടാക്കി യുവതിയുടെ മോർഫ് ചെയ്ത ചിത്രം പ്രചരിപ്പിച്ചു; സഹോദരങ്ങൾ അറസ്റ്റിൽ

കട്ടപ്പന: 150 പേരെ ചേർത്ത് വാട്സ്ആപ് ഗ്രൂപ്പ് ഉണ്ടാക്കി യുവതിയുടെ ചിത്രങ്ങൾ മോർഫ് ചെയ്ത് പ്രചരിപ്പിച്ച സഹോദരന്മാർ അറസ്റ്റിൽ. ഇടിഞ്ഞമലയിൽ കറുകച്ചേരിൽ ജെറിൻ, സഹോദരൻ ജെബിൻ എന്നിവരെയാണ് തങ്കമണി പൊലീസ് അറസ്റ്റ് ചെയ്തത്. യുവതിയുടെ പരാതിയിലാണ് കേസെടുത്തത്. ജെറിന് യുവതിയോട് ഉണ്ടായ വ്യക്തിവിരോധം മൂലം പകവീട്ടാൻ ഇടിഞ്ഞമല, ശാന്തിഗ്രാം, ഇരട്ടയാർ എന്നീ പ്രദേശങ്ങളിലെ 150ഓളം ആളുകളെ ചേർത്ത് വാട്സ്ആപ് ഗ്രൂപ്പ രൂപീകരിച്ച് യുവതിയുടെ ചിത്രങ്ങൾ മോർഫ് ചെയ്ത് അശ്ലീല സന്ദേശത്തോടെ അയക്കുകയുമായിരുന്നു. ഈ ചിത്രങ്ങൾ പ്രചരിപ്പിച്ചശേഷം ഗ്രൂപ്പുതന്നെ ഡിലീറ്റ് ചെയ്തു. ജെറിന്റെ തൊഴിലാളിയായിരുന്ന അസം സ്വദേശിയുടെ പേരിലുള്ള മൊബൈൽ സിം ഉപേയാഗിച്ചാണ് കുറ്റകൃത്യം നടത്തിയതെന്ന് പൊലീസ് അന്വേഷണത്തിൽ വ്യക്തമായി. ജെറിൻ ഈ അസം സ്വദേശിയെ പിന്നീട് നാട്ടിലേക്ക് തിരിച്ചയച്ചു. സഹോദരൻ ജെബിനാണ് സിം കാർഡ് അസം സ്വദേശിയിൽനിന്ന് തിരികെ വാങ്ങിയത്.
ജില്ല പൊലീസ് മേധാവി വി യു കുര്യാക്കോസിന്റെ നിർദേശപ്രകാരം പൊലീസ് അസം, നാഗാലാൻഡ് അതിർത്തിയിൽ എത്തി കേസിലെ പ്രധാന സാക്ഷി അസം സ്വദേശിയെ കണ്ടെത്തി നെടുങ്കണ്ടം മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കി മൊഴി രേഖപ്പെടുത്തി.

## ഭക്ഷ്യവിഷബാധയെ തുടർന്ന് 14കാരി മരിച്ചു

ചെന്നൈ: തമിഴ്നാട്ടിൽ ഭക്ഷ്യവിഷബാധയെ തുടർന്ന് 14കാരി മരിച്ചു. ചിക്കൻ ഷവർമ കഴിച്ചതിന് പിന്നാലെയാണ് കുട്ടിക്ക് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടത്. നാമക്കല്ലിലാണ് സംഭവം. ഞായറാഴ്ചയാണ് അച്ഛൻ വാങ്ങിക്കൊണ്ടുവന്ന ചിക്കൻ ഷവർമ കുടുംബത്തിനൊപ്പം പെൺകുട്ടി കഴിച്ചത്. ഞായറാഴ്ച രാത്രി തന്നെ ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ട പെൺകുട്ടിയെ ആശുപത്രിയിൽ കൊണ്ടുപോയി. ചികിത്സ കഴിഞ്ഞ് ഉടൻ തന്നെ ആശുപത്രിയിൽ നിന്ന് വീട്ടിലേക്ക് മടങ്ങിയ പെൺകുട്ടി തിങ്കളാഴ്ചയാണ് മരിച്ചത്.
പെൺകുട്ടി ഷവർമ കഴിച്ച അതേ ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിച്ച 13 മെഡിക്കൽ വിദ്യാർഥികൾക്കും ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതായി പൊലീസ് പറയുന്നു. വിദ്യാർഥികൾ ചികിത്സയിലാണ്. സംഭവത്തിന് പിന്നാലെ റെസ്റ്റോറന്റിൽ എത്തി അധികൃതർ സാമ്പിളുകൾ ശേഖരിച്ചു. ചോദ്യം ചെയ്യുന്നതിനായി മൂന്ന് ജീവനക്കാരെ കസ്റ്റഡിയിലെടുത്തതായും റിപ്പോർട്ടുകളുണ്ട്. സംഭവത്തിൽ പൊലീസ് അന്വേഷണം പുരോഗമിക്കുകയാണ്.

## മുംബൈയിൽ കാണാതായ മലയാളി വിദ്യാർഥിയെ കണ്ടെത്തി



മുംബൈയിൽ കാണാതായ മലയാളി വിദ്യാർഥിയെ കണ്ടെത്തി. ആലുവ സ്വദേശി ഫാസിലിനെയാണ് കണ്ടെത്തിയത്. ആഗസ്റ്റ് 26നാണ് വിദ്യാർഥിയെ കാണാതായത്. നാഗ്പൂരിൽ നിന്നാണ് ഫാസിലിനെ കണ്ടെത്തിയത്. ഫാസിൽ ആറ് സ്ഥാപനങ്ങളുമായി നടത്തിയ പണമിടപാടിന്റെ വിവരങ്ങൾ പുറത്തുവന്നതോടെ വിദ്യാർഥി ഓൺലൈൻ വായ്പ ാത്തട്ടിപ്പിന്റെ ഇരയെന്ന് പൊലീസ് കണ്ടെത്തിയിരുന്നു. 12 ദിവസത്തിനിടെ 19 ഇടപാടുകളാണ് ഫാസിൽ നടത്തിയത്. ആറ് സ്ഥാപനങ്ങൾക്കായി രണ്ട് ലക്ഷം രൂപയാണ് ഫാസിൽ നൽകിയതെന്ന് പിതാവ് അഷ്റഫ് മൊയ്തീൻ മീഡിയവണിനോട് പറഞ്ഞിരുന്നു.ഫാസിൽ ഹോസ്റ്റലിൽ നിന്ന് ബാഗുമായി ഇറങ്ങുന്ന ചിത്രം പുറത്തുവന്നിരുന്നു. പിന്നീട് നാഗ്പൂർ റെയിൽവേ സ്റ്റേഷനിൽ കണ്ടുവെന്ന വിവരം ലഭിച്ചെങ്കിലും ഫാസിൽ എവിടെയെന്ന് കണ്ടെത്താനായിട്ടില്ലായിരുന്നു. ഫാസിൽ ഉപയോഗിക്കുന്ന മൊബൈൽ ഫോൺ പിന്നീട് ഓൺ ചെയ്യാത്തതിനാൽ ലൊക്കേഷൻ മനസിലാക്കാനും സാധിച്ചിരുന്നില്ല.

## കലാപത്തിനിടെ മൈ ഹോം ഇന്ത്യ പരിപാടിയിൽ പങ്കെടുത്തു; മണിപ്പൂരി നടിക്ക് മൂന്നു വർഷം വിലക്ക്



ഇംഫാൽ: മണിപ്പൂർ കലാപത്തിനിടെ മൈ ഹോം ഇന്ത്യ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച സൗന്ദര്യമത്സരത്തിൽ പങ്കെടുത്ത വിഖ്യാത മണിപ്പൂരി നടിയും ഗായികയുമായ സോമ ലൈശ്രാമിന് മൂന്നു വർഷം സിനിമാ വിലക്ക്. സംസ്ഥാനത്തെ പ്രമുഖ സംഘടനയായ കൻഗ്ലെയ്പാക് കൻബ ലുപ് (കെകെഎൽ) ആണ് വിലക്കേർപ്പെടുത്തിയത്. നടിയുടേത് ക്രിമിനൽ കുറ്റമാണ് എന്നും മണിപ്പൂരിനെ ഒരു സാധാരണ സംസ്ഥാനമായി പ്രദർശിപ്പിക്കുന്ന നടപടിയാണെന്നും കെകെഎൽ കുറ്റപ്പെടുത്തി.
ദ നോർത്ത് ഈസ്റ്റ് ഫെസ്റ്റിവലിനോട് അനുബന്ധിച്ച് സെപ്റ്റംബർ 16ന് ന്യൂഡൽഹിയിലെ താൽക്കത്തോറ സ്റ്റേഡിയത്തിലായിരുന്നു സൗന്ദര്യമത്സരം. പരിപാടിയിൽ സംബന്ധിക്കരുതെന്ന് കെകെഎൽ അടക്കമുള്ള മീതെയ് സമുദായ സംഘടനകൾ നേരത്തെ നടിയോട് അഭ്യർത്ഥിച്ചിരുന്നതായി വിവരമുണ്ട്. സിനിമാ സംഘടനകളായ ഫിലിം ഫോറം മണിപ്പൂരും ഫിലിം ആക്ടേഴ്സ് ഗിൽഡ് മണിപ്പൂരും സമാന അഭ്യർത്ഥന നടത്തിയിരുന്നു. എന്നാൽ നടി അംഗീകരിച്ചില്ല. കലാപത്തിൽ ജീവനും ജീവനോപാധിയും നഷ്ടപ്പെട്ടവരോടുള്ള അനാദരവാണ് സോമയുടെ തീരുമാനമെന്ന് കെകെഎൽ കുറ്റപ്പെടുത്തി. പൊതുചടങ്ങുകളിൽ പങ്കെടുക്കുന്നതിനും നടിക്ക് വിലക്കുണ്ട്.അതിനിടെ, ദ നോർത്ത് ഈസ്റ്റ് ഫെസ്റ്റിവലിൽ മണിപ്പൂരിലെ കലാപത്തെ കുറിച്ച് സംസാരിച്ച ഭാഗങ്ങൾ സോമ ഇൻസ്റ്റഗ്രാമിൽ പങ്കുവച്ചു. 'എല്ലാവർക്കുമറിയുന്ന പോലെ എന്റെ മാതൃസംസ്ഥാനമായ മണിപ്പൂർ നാലു മാസമായി കത്തിക്കൊണ്ടിരിക്കുകയാണ്. ആളുകൾ വെടിയേറ്റു കൊല്ലപ്പെട്ടു. വീടുകൾ അഗ്നിക്കിരയാക്കി. നാലു മാസമായി ഇന്റർനെറ്റ് നിരോധിച്ചു. ദേശീയമാധ്യമങ്ങൾ ഞങ്ങൾക്കു നേരെ കണ്ണടച്ചു. എനിക്കിപ്പോൾ വാക്കുകളില്ല. ഈ വേദി എന്റെ സംസ്ഥാനത്തിന്റെ ശബ്ദം ഉയർത്താനുള്ള അവസരമായി വിനിയോഗിക്കുകയാണ്.' – എന്നിങ്ങനെയായിരുന്നു അവരുടെ പ്രസംഗം.

## സ്വകാര്യതാ ലംഘനം ക്രിമിനൽ കുറ്റം; സൗദിയിൽ നിയമം പ്രാബല്യത്തിൽ

റിയാദ് :സൗദി അറേബ്യയിൽ വ്യക്തികളുടെ സ്വകാര്യ വിവരങ്ങൾ കൈമാറുന്നതും പുറത്തു വിടുന്നതും ക്രിമിനൽ കുറ്റമായി കണക്കാക്കുന്ന ഡേറ്റ പ്രൊട്ടക്ഷൻ നിയമം പ്രാബല്യത്തിലായി. വ്യക്തിഗത വിവരങ്ങൾ ദുരുപയോഗം ചെയ്യുന്നവർക്ക് കടുത്ത ശിക്ഷ നേരിടേണ്ടിവരും.
2021ൽ മന്ത്രിസഭ അംഗീകരിച്ച നിയമമാണ് കഴിഞ്ഞ ദിവസം പ്രാബല്യത്തിൽ വന്നത്. സമ്മേളനങ്ങൾ, പാർട്ടികൾ തുടങ്ങിയ പരിപാടികളിലും മറ്റും ശേഖരിക്കുന്ന ചിത്രങ്ങൾ, വിഡിയോ, വ്യക്തി വിവരങ്ങൾ എന്നിവയെല്ലാം സ്വകാര്യവിവരമായി കണക്കാക്കും. ഇവ മറ്റുള്ളവർക്ക് കൈമാറുന്നതും പുറത്തു വിടുന്നതും നശിപ്പിക്കുന്നതും ക്രിമിനൽ കുറ്റമാണ്.
വ്യാപാര സ്ഥാപനങ്ങളിലും ആശുപത്രികളിലും മറ്റും വിവിധ സാഹചര്യങ്ങളിൽ ശേഖരിക്കുന്ന വ്യക്തികളുടെ ഫോൺ നമ്പർ, ചിത്രം, സിസിടിവി ദൃശ്യം ഉൾപ്പെടെയുള്ള വിഡിയോ, പേപ്പർ രൂപത്തിലോ ഇലക്ട്രോണിക് രൂപത്തിലോ സൂക്ഷിച്ച് വച്ചിരിക്കുന്ന വിവരങ്ങൾ തുടങ്ങിയവ അനുമതിയില്ലാതെ കൈമാറാൻ പാടില്ല. രോഗികളുടെ വിവരങ്ങൾ മരുന്നു കമ്പനികൾക്ക് കൈമാറുക, സർക്കാർ സ്ഥാപനങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന വ്യക്തികളുടെ സ്വകാര്യ വിവരങ്ങളുടെ പകർപ്പെടുക്കുക, പൊലീസ്, ക്രിമിനൽ വിവരങ്ങൾ തുടങ്ങിയവയുടെ കൈമാറ്റം എന്നിവയെല്ലാം ഡേറ്റ സംരക്ഷണ നിയമത്തിന്റെ ലംഘനമാകും. സൗദി ഡേറ്റ ആൻഡ് ആർട്ടിഫിഷൽ ഇന്റലിജൻസ് അതോറിറ്റിയുമായി ചേർന്നാണ് നിയമം നടപ്പിലാക്കുന്നത്.

## നടുറോഡിൽ 'നാടൻ തല്ലുമായി' പൊലിസുകാർ; വീഡിയോ വൈറൽ

പട്ന: നടുറോഡിൽ ജനങ്ങൾ നോക്കി നിൽക്കെ പരസ്പരം ഏറ്റുമുട്ടുന്ന പൊലിസുകാരുടെ വീഡിയോ സമൂഹമാധ്യമങ്ങളിൽ വൈറലായിരിക്കുകയാണ്. ബീഹാറിലെ നളന്ദയിൽ തിങ്കളാഴ്ചയായിരുന്നു സംഭവം. പൊലിസുകാരിൽ ഒരാൾ പരസ്യമായി കൈക്കൂലി വാങ്ങി എന്ന് ആരോപിച്ചാണ് ഇരുവരും പൊതുജനങ്ങൾക്ക് മുന്നിൽ ഏറ്റുമുട്ടിയത്. നിരവധി ആളുകൾ പൊലിസുകാർ ഏറ്റുമുട്ടുമ്പോൾ സംഭവം മൊബൈലിൽ പകർത്തുന്നതും വീഡിയോയിൽ കാണാൻ സാധിക്കും.
നിങ്ങളെ അധികാരികൾ സസ്പെൻഡ് ചെയ്യുമെന്ന് അവർ ഉദ്യോഗസ്ഥരോട് വിളിച്ചു പറയുകയും ചെയ്യുന്നുണ്ട്. വൈറലായ വീഡിയോ ശ്രദ്ധയിൽപ്പെട്ട നളന്ദ പൊലീസ്, രണ്ട് ഉദ്യോഗസ്ഥരെയും പൊലീസ് കേന്ദ്രത്തിലേക്ക് അയച്ചതായും അന്വേഷണത്തിന് ഉത്തരവിട്ടതായും അറിയിച്ചു. സമൂഹമാധ്യമമായ എക്സിലൂടെയാണ് പൊലീസിന്റെ പ്രതികരണം. 'രണ്ട് ഉദ്യോഗസ്ഥരെയും പൊലീസ് സെന്ററിലേക്ക് അയച്ചിട്ടുണ്ട്. വിഷയം അന്വേഷിക്കുകയാണ്. അച്ചടക്ക നടപടി സ്വീകരിക്കും' ട്വീറ്റിൽ പറയുന്നു.

# കാൽലക്ഷം കോടി എവിടെപ്പോയി? സി. എ. ജി റിപ്പോർട്ടിൽ രൂക്ഷവിമർശനം




ന്യൂഡൽഹി: കേന്ദ്ര സർക്കാരിൻറെ കണക്കുകളിൽ പതിനായിരക്കണക്കിന് കോടി രൂപയുടെ വ്യത്യാസമെന്ന് സി.എ.ജി. നിശ്ചിത ആവശ്യത്തിന് വേണ്ടി സെസ് പിരിച്ച് വെറുതെ വച്ചിരിക്കുകയാണെന്ന് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. ബജറ്റിൽ പ്രത്യേക പദ്ധതികൾക്ക് അനുവദിച്ച തുക അജ്ഞാതമായ ആവശ്യങ്ങൾക്ക് വകമാറ്റിയെന്നും സി.എ.ജി കണ്ടെത്തി. സി.എ.ജി റിപ്പോർട്ടിലെ സർക്കാരിൻറെ അക്കൗണ്ടിങ് സംബന്ധിച്ച അധ്യായത്തിലാണ് ഗുരുതരമായ ക്രമക്കേടുകൾ ചൂണ്ടിക്കാട്ടുന്നത്. സംസ്ഥാന സർക്കാരുകളുമായി പങ്കുവയ്ക്കേണ്ടതില്ലാത്ത സെസുകൾ നിർണിത ആവശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കാതെ വയ്ക്കുകയോ വകമാറ്റുകയോ ചെയ്തിരിക്കുന്നു. പൊതുപണം സർക്കാർ അക്കൗണ്ടുകൾക്ക് പുറത്ത് നിക്ഷേപിച്ചിരിക്കുന്നു. ബാധ്യതകൾ കുറച്ചുകാണിച്ചു, പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഹരി പങ്കാളിത്തം വഴി ലഭിക്കുന്ന ഡിവിഡൻറ് സംബന്ധിച്ച കണക്കുകളിൽ ക്രമക്കേട് തുടങ്ങിയ ഗുരുതരമായ കാര്യങ്ങളാണ് സി. എ. ജി ചൂണ്ടിക്കാട്ടുന്നത്. പൊതുകടമായി സർക്കാർ കാണിക്കുന്നത് 6.01 ലക്ഷം കോടിയാണ്. എന്നാൽ, കണക്കുകൾ പരിശോധിക്കുമ്പോൾ 6.23 ലക്ഷം കോടിയും. 21,560 കോടിയുടെ വ്യത്യാസമാണ് സി.എ.ജി കണ്ടെത്തിയത്. ബഹിരാകാശ വകുപ്പിന് അനുവദിച്ച 154.9 കോടി ബാങ്കുകളിലെ കറൻറ് അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുകയാണെന്ന് സി.എ.ജി കണ്ടെത്തി. ടെലികോം ഓപറേറ്റർമാരിൽനിന്ന് പിരിച്ചത് 10,376 കോടിയാണ്. എന്നാൽ, ലെവി ശേഖരിക്കുന്ന യൂനിവേഴ്സൽ സർവീസ് ഒബ്ലിഗേഷൻ ഫണ്ടിലെത്തിയത് 8,300 കോടി മാത്രമാണ്. 1,600 കോടി രൂപ എവിടെപ്പോയെന്നതിനു കണക്കില്ല. കണക്കുകൾ വിശദീകരിക്കാൻ നൽകിയ അടിക്കുറിപ്പുകൾ തൃപ്തികരമല്ലെന്നും സി.എ.ജി ചൂണ്ടിക്കാട്ടുന്നു.

## 'അത് ഞങ്ങളുടേത്' ; വനിതാ സംവരണ ബില്ലിൽ സോണിയാഗാന്ധി




ന്യൂഡൽഹി: കേന്ദ്രസർക്കാർ അംഗീകാരം നൽകിയ വനിതാ സംവരണ ബിൽ കോൺഗ്രസിന്റേതെന്ന് പാർട്ടി മുൻ അധ്യക്ഷ സോണിയാഗാന്ധി. പ്രത്യേക സമ്മേളനത്തിനായി പാർലമെന്റിലേക്ക് എത്തുമ്പോൾ മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് മറുപടിയായിട്ടായിരുന്നു സോണിയയുടെ പ്രതികരണം. വനിതാ സംവരണ ബിൽ നാളെ ലോക്സഭയിൽ അവതരിപ്പിച്ചേക്കുമെന്നാണ് റിപ്പോർട്ട്.
വനിതാ സംവരണ ബില്ലിന് ഇന്നലെ വൈകീട്ട് ചേർന്ന കേന്ദ്രമന്ത്രിസഭായോഗമാണ് അംഗീകാരം നൽകിയത്.
കേന്ദ്രസർക്കാർ തീരുമാനത്തെ കോൺഗ്രസ് ഇന്നലെ തന്നെ സ്വാഗതം ചെയ്തിരുന്നു. തങ്ങൾ ഇതു ദീർഘകാലമായി ഉന്നയിച്ചുകൊണ്ടിരിക്കുകയായിരുന്നുവെന്നും കോൺഗ്രസ് നേതാക്കൾ വ്യക്തമാക്കി.
ബില്ലിന്റെ വിശദാംശങ്ങൾ അറിയാൻ കാത്തിരിക്കുകയാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് ജയ്റാം രമേശ് പറഞ്ഞു. പാർലമെന്റിന്റെ പ്രത്യേക സമ്മേളനത്തിന് മുമ്പായി വിളിച്ച സർവകക്ഷി യോഗത്തിൽ ഇത് ചർച്ച ചെയ്യാമായിരുന്നു. രഹസ്യമാക്കി വെക്കുന്നതിനു പകരം, വിഷയത്തിൽ സമവായം ഉണ്ടാക്കാമായിരുന്നുവെന്നും ജയ്റാം രമേശ് അഭിപ്രായപ്പെട്ടു. വനിതാ സംവരണ ബിൽ കേന്ദ്ര സർക്കാർ ചൊവ്വാഴ്ച അവതരിപ്പിക്കുകയാണെങ്കിൽ അത് കോൺഗ്രസിന്റെയും യുപിഎ സർക്കാരിലെ സഖ്യകക്ഷികളുടെയും വിജയമായിരിക്കുമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് പി ചിദംബരം പറഞ്ഞു. യുപിഎ സർക്കാരിന്റെ കാലത്ത്, 2010 മാർച്ച് ഒമ്പതിന് വനിതാ സംവരണ ബിൽ രാജ്യസഭ പാസാക്കിയിരുന്നു.

## കാമുകനു വേണ്ടി ലോണെടുത്തു; ഇഎംഐ അടയ്ക്കാൻ പണം നൽകാത്തതിനാൽ 25കാരി ജീവനൊടുക്കി



പുണെ:വായ്പ തിരിച്ചടയ്ക്കാൻ കാമുകൻ പണം നൽകാതിരുന്നതിനെ തുടർന്നു യുവതി ആത്മഹത്യ ചെയ്തു. പുണെയിലെ വിമാൻ നഗറിലെ ഐടി സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന രസിക രവീന്ദ്ര ദിവാട്ടെ (25) ആണ് മരിച്ചത്. ബിടി കവാഡെ റോഡിൽ താമസിച്ചിരുന്ന രസിക, കാമുകനു വേണ്ടിയാണ് ബാങ്കിൽനിന്നു ലോൺ എടുത്തത്.
ഒരു കാറും വാങ്ങി നൽകിയിരുന്നു. എന്നാൽ ഇവയുടെ ഇഎംഐ അടയ്ക്കാൻ കാമുകൻ പണം നൽകാതിരുന്നതിനെ തുടർന്നു രസിക ജീവനൊടുക്കുകയായിരുന്നു. സ്വകാര്യ ആശുപത്രിയിൽ നഴ്സായി ജോലി ചെയ്യുന്ന രസികയുടെ അമ്മയുടെ പരാതിയിൽ മഞ്ജരിയിലെ ഇസഡ് കോർണറിൽ താമസിക്കുന്ന കാമുകൻ ആദർശ് അജയ്കുമാർ മേനോനെ ഹഡപ്സർ പൊലീസ് അറസ്റ്റ് ചെയ്തു.
ഒരേ കമ്പനിയിൽ ജോലി ചെയ്തിരുന്ന രസികയും ആദർശും ഈ വർഷം ജനുവരി മുതൽ പ്രണയത്തിലായിരുന്നെന്ന് പൊലീസ് പറഞ്ഞു. ഏപ്രിലിൽ ആദർശിനായി രസിക ഒരു കാർ വാങ്ങുകയും ഡൗൺ പേയ്മെന്റ് തുക നൽകുകയും ചെയ്തു.
ഈ തുക തിരിച്ചടയ്ക്കാമെന്നും വായ്പയുടെ ഇഎംഐ അടയ്ക്കാമെന്നും ആദർശ് ഉറപ്പു നൽകിയിരുന്നു. രസിക തന്റെ ക്രെഡിറ്റ് കാർഡിൽനിന്ന് മൊത്തം 3 ലക്ഷം രൂപ വായ്പയെടുക്കുകയും പണം ആദർശിനു കൈമാറുകയും ചെയ്തു, കൂടാതെ 2.75 ലക്ഷം രൂപ വ്യക്തിഗത വായ്പയും നൽകി. ആദർശിനായി വായ്പാ ആപ്പുകൾ വഴിയും രസിക ലോൺ എടുത്തിരുന്നു.
"രസിക കഴിഞ്ഞ കുറച്ച് മാസങ്ങളായി സമ്മർദത്തിലായിരുന്നു. ആദർശിനായി താൻ എടുത്ത വായ്പയുടെ ഇഎംഐ അടക്കാത്തതിനാൽ വിഷമമുണ്ടെന്നും അതിനാൽ തന്നെ അത് അടയ്ക്കാൻ നിർബന്ധിതയായെന്നും അവർ എന്നോടു പറഞ്ഞു. ഈ പ്രശ്നത്തിന്റെ പേരിൽ ഇരുവരും തമ്മിൽ അടിക്കടി വഴക്കുകൾ ഉണ്ടാകാറുണ്ടെന്നും അവൾ എന്നോടു പറഞ്ഞു." രസികയുടെ അമ്മ ചന്ദ പരാതിയിൽ പറഞ്ഞു."വെള്ളിയാഴ്ച പുലർച്ചെ 4 മണിക്ക് രസികയുടെ സുഹൃത്തിൽനിന്ന് ഫോൺ വിളിയെത്തി. മഞ്ജരിയിലുള്ള ആദർശിന്റെ ഫ്ലാറ്റിൽ രസിക ആത്മഹത്യയ്ക്ക് ശ്രമിച്ചെന്നും അവർ അവളെ ഹഡപ്സറിലെ ആശുപത്രിയിലേക്കു കൊണ്ടുപോകുകയാണെന്നും അറിയിച്ചു.
ഞാൻ അവിടെ എത്തിയപ്പോൾ എന്റെ മകൾ മരിച്ചിരുന്നു. ആദർശ് അവിടെ നിൽക്കുകയാണ്, ഞാൻ അവന്റെ അടുത്ത് ചെന്ന് എന്താണ് സംഭവിച്ചതെന്ന് ചോദിച്ചു. പുലർച്ചെ 3 മണി വരെ അവർ വഴക്കിട്ടുണ്ടെന്ന് അവൻ എന്നോടു പറഞ്ഞു. ഇതിനുശേഷം മുറിയിൽ കയറിയ രസിക ആത്മഹത്യ ചെയ്യുകയായിരുന്നു." ചന്ദ പരാതിയിൽ പറയുന്നു.

# പങ്കാളി മനഃപൂർവം ലൈംഗികബന്ധം നിഷേധിക്കുന്നത് ക്രൂരത; ഡൽഹി ഹൈക്കോടതി

ന്യൂഡൽഹി: പങ്കാളി മനഃപൂർവം ലൈം?ഗികബന്ധം നിഷേധിക്കുന്നത് ക്രൂരതയെന്ന് ഡൽഹി ഹൈക്കോടതി. 35 ദിവസം മാത്രം നീണ്ടുനിന്ന വിവാഹബന്ധത്തിന് അനുവദിച്ച വിവാഹമോചനം ശരിവച്ചാണ് ഡൽഹി ഹൈക്കോടതിയുടെ നിരീക്ഷണം. വിവാഹമോചനം അനുവദിച്ച കുടുംബകോടതി ഉത്തരവിനെതിരെ ഭാര്യ നൽകിയ അപ്പീൽ തള്ളി ജസ്റ്റിസ് സുരേഷ് കുമാർ കൈറ്റ് അധ്യക്ഷനായ ബെഞ്ചാണ് ഇത്തരമൊരു നിരീക്ഷണം നടത്തിയത്. ലൈംഗിക ബന്ധമില്ലാത്ത വിവാഹം ഒരു ശാപമാണെന്ന് ബെഞ്ച് പറഞ്ഞു. ലൈംഗികബന്ധത്തിലെ നിരാശയേക്കാൾ ദാമ്പത്യത്തിന് വിനാശകരമായ മറ്റൊന്നില്ലെന്നും ബെഞ്ച് അഭിപ്രായപ്പെട്ടു. 'ഒരു ഇണ ലൈംഗികബന്ധം മനഃപൂർവം നിഷേധിക്കുന്നത് ക്രൂരതയ്ക്ക് തുല്യമാണ്. പ്രത്യേകിച്ചും കക്ഷികൾ നവദമ്പതികൾ ആയിരിക്കുമ്പോൾ. ഇത് തന്നെ വിവാഹമോചനത്തിനുള്ള കാരണമാണ്'– ബെഞ്ച് നിരീക്ഷിച്ചു.2004ലാണ് ഇരുവരും ഹിന്ദു ആചാരപ്രകാരം വിവാഹിതരായതെന്നും എന്നാൽ ഭാര്യ ഉടൻ തന്റെ വീട്ടിലേക്ക് മടങ്ങിയെന്നും പിന്നീട് തിരികെ ഭർത്താവിന്റെ വീട്ടിലേക്ക് പോയില്ലെന്നും കോടതി ചൂണ്ടിക്കാട്ടി. തുടർന്ന് വിവാഹമോചനത്തിനായി ഭർത്താവ് കുടുംബ കോടതിയെ സമീപിച്ചു.ഭർത്താവിന് വിവാഹമോചനത്തിന് അർഹതയുണ്ടാക്കുന്ന ഭാര്യയുടെ ഇത്തരം പെരുമാറ്റം ക്രൂരതയ്ക്ക് തുല്യമാണെന്ന് കുടുംബകോടതിയുടെ നിഗമനം ഉണ്ടെന്ന് ഹൈക്കോടതി ഉത്തരവിൽ പറഞ്ഞു. തന്റെ തിരിച്ചുപോക്കിന്റെ കാരണമായി യുവതി പറയുന്ന സ്ത്രീധന പീഡനം തെളിയിക്കപ്പെട്ടിട്ടില്ല. 18 വർഷത്തിലധികം നീണ്ടുനിൽക്കുന്ന ഇത്തരം നിഷേധങ്ങൾ തന്നെ ക്രൂരതയ്ക്ക് തുല്യമാണ്.
'സ്ത്രീധന പീഡനം സംബന്ധിച്ച ആരോപണങ്ങൾ ഭർത്താവിനെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്യുന്നതിൽ വരെ കലാശിച്ചു. സ്ത്രീധനം ആവശ്യപ്പെട്ട ഒരു സംഭവം പോലും പരാതിക്കാരിക്ക് തെളിയിക്കാൻ കഴിയാതെ വന്നാൽ കേസിന്റെ തുടർന്നുള്ള വിചാരണയെ ക്രൂരതയായി മാത്രമേ വിശേഷിപ്പിക്കാനാകൂ'– ഉത്തരവിൽ പറയുന്നു.മാനസിക ക്രൂരതയായി കണക്കാക്കുന്ന പ്രവൃത്തികളായി സുപ്രിംകോടതി നിശ്ചയിച്ച കാര്യങ്ങളിൽ, ശാരീരിക അപര്യാപ്തതയോ സാധുവായ കാരണമോ ഇല്ലാതെ ഏകപക്ഷീയമായി ലൈംഗിക ബന്ധം നിഷേധിക്കുന്നതും ഉൾപ്പെടുമെന്നും കോടതി പറഞ്ഞു. നേരത്തെ, ഭർത്താവിന് ഭാര്യയെ തല്ലാനും പീഡിപ്പിക്കാനും ഒരു നിയമത്തിലും അവകാശമില്ലെന്ന് ഡൽഹി ഹൈക്കോടതി നിരീക്ഷിച്ചിരുന്നു.

## ലിബിയക്ക് കൂടുതൽ സഹായം; കൂടുതൽ ഭക്ഷ്യോൽപന്നങ്ങൾ എത്തിച്ച് യുഎഇ

ദുബൈ: വെള്ളപ്പൊക്കം ദുരിതം വിതച്ച ലിബിയയിൽ കൂടുതൽ ഭക്ഷ്യോൽപന്നങ്ങൾ എത്തിച്ച് യു.എ.ഇ. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ആയിരങ്ങൾക്കാണ് ഇത് തുണയായത്. 34അംഗ രക്ഷാ പ്രവർത്തകരെയും യു.എ.ഇ നേരത്തെ ലിബിയയിലെ ദുരിത കേന്ദ്രങ്ങളിലേക്കായി നിയോഗിച്ചിരുന്നു.ഭക്ഷ്യോൽപന്നങ്ങൾക്കു പുറമെ പുതപ്പുകളും മറ്റ് അവശ്യവസ്തുക്കളും ധാരാളമായി ലിബിയയിൽ എത്തിച്ചതായി റെഡ്ക്രസൻറ് സാരഥികൾ അറിയിച്ചു. വെള്ളപ്പൊക്കം കാരണം എല്ലാം നഷ്ടപ്പെട്ട പതിനായിരങ്ങളാണ് വിവിധ ക്യാമ്പുകളിലും മറ്റുമായി താമസിച്ചു വരുന്നത്.
യു.എ.ഇപ്രസിഡൻറ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻറെ പ്രത്യേക നിർദേശത്തെ തുടർന്ന് ലിബിയയിലേക്കുള്ള പ്രവർത്തനം വിപുലീകരിച്ചതായി റെഡ്ക്രസൻറ് സാരഥികൾ അറിയിച്ചു. വീടും മറ്റു സംവിധാനങ്ങളും നഷ്ടപ്പെട്ടവർക്ക് അടിയന്തിര ആവശ്യവസ്തുക്കൾ എത്തിക്കുന്നതിന് കൂടുതൽ വിമാനങ്ങൾ ലിബിയയിലേക്ക് അയക്കാനും യു.എ.ഇക്ക് പദ്ധതിയുണ്ട്. താൽകാലിക പാർപ്പിടം സജ്ജീകരിക്കുന്നതിന് ആവശ്യമായ വസ്തുക്കൾ, ഭക്ഷണ സാധനങ്ങൾ എന്നിവയും യു.എഇ ലിബിയയിൽ എത്തിച്ചിട്ടുണ്ട്. 150ടൺ സഹായ വസ്തുക്കൾ ആദ്യഘട്ടത്തിൽ തന്നെ യു.എ.ഇ ലിബിയക്ക് കൈമാറിയിരുന്നു.

## ഭൂമി വിട്ട് ആദിത്യ എൽ വൺ; ഇനി 110 ദിവസം നീണ്ട യാത്ര



ബംഗളൂരു: സൂര്യനെ കുറിച്ച് പഠിക്കാൻ അയച്ച ആദിത്യ എൽ വൺ പേടകം ഭൂഗുരുത്വ വലയം ഭേദിച്ച് ലക്ഷ്യത്തിലേക്ക് കുതിച്ചു. പതിനേഴ് ദിവസമായി ഭൂമിയെ ഭ്രമണം ചെയ്തിരുന്ന പേടകത്തെ പത്ത് മിനിട്ട് നീണ്ട ജ്വലന പ്രക്രിയയിലൂടെയാണ് തൊടുത്തു വിട്ടത്. 110 ദിവസത്തിന് ശേഷം ജനുവരി ആദ്യവാരം ലഗ്രാഞ്ച് പോയിന്റ് വൺ ഭ്രമണപഥത്തിൽ എത്തും. 15 ലക്ഷത്തിലധികം കിലോമീറ്റർ ദൂരം വരുന്ന യാത്രക്കിടയിൽ ചില പാത തിരുത്തൽ കൂടിയുണ്ടാകും.ശ്രീഹരിക്കോട്ടയിൽനിന്ന് സെപതംബർ രണ്ടിനാണ് ഐഎസ്ആർഒയുടെ ആദ്യ സൗര പര്യവേക്ഷണ ഉപഗ്രഹമായ ആദിത്യ വിക്ഷേപിച്ചത്. നാല് ഘട്ടങ്ങളിലായി പഥം ഉയർത്തി. ചൊവ്വ പുലർച്ചെ 1.50ന് ബംഗളൂരുവിലെ ഇസ്ട്രാക്കിൽ നിന്നുള്ള കമാൻഡിനെ തുടർന്ന് പേടകത്തിലെ ത്രസ്റ്റർ ജ്വലിച്ചു. പേടകം അതിവേഗത കൈവരിച്ച് ഗുരുത്വാകർഷണ വലയം കൃത്യമായി ഭേദിച്ചു. മൗറീഷ്യസ്, ബംഗളൂരു, ഫിജി, ശ്രീഹരിക്കോട്ട ട്രാക്കിങ് സ്റ്റേഷനുകളുടെ സഹായത്തോടെയായിരുന്നു ഇത്. ലഗ്രാഞ്ച് പോയിന്റ് ഒന്നിൽ എത്തുന്ന പേടകം പ്രത്യേക ഭ്രമണപഥത്തിൽ സൂര്യനെ വലംവയ്ക്കും. സൂര്യനിലെ കാലാവസ്ഥ, സൗരവാതങ്ങൾ, സൗരോപരിതല ദ്രവ്യ ഉത്സർജനം, കാന്തികമണ്ഡലം തുടങ്ങിയവ സമഗ്രമായി പഠിക്കുകയാണ് ലക്ഷ്യം.

## തീ അണക്കാൻ സ്വയം നിയന്ത്രിത സംവിധാനവുമായി ദുബൈ ടാക്സി കോർപറേഷൻ

ദുബൈ ടാക്സി കോർപറേഷന്റെ സ്കൂൾ ബസ്സുകളിലും ടാക്സികളിലും സ്വയം നിയന്ത്രിത അഗ്നിരക്ഷാ ഉപകരണം ഘടിപ്പിക്കുന്നു.
കടുത്ത ചൂടിൽ വാഹനത്തിന്റെ എഞ്ചിന് തീപിടിച്ചാൽ സ്വമേധയാ തീ അണക്കാൻ കഴിയുന്ന വിധത്തിലാണ് ഉപകരണം രൂപകല്പന ചെയ്തിരിക്കുന്നത്. അപകട ഘട്ടങ്ങളിൽ വാഹനങ്ങളുടെ സുരക്ഷ ഉറപ്പാക്കുകയാണ് ലക്ഷ്യം.
മനുഷ്യഇടപെടൽ ഒട്ടും ആവശ്യമില്ല എന്നതാണ് സ്വയം നിയന്ത്രിത അഗ്നിശമന ഉപകരണത്തിന്റെ പ്രത്യേകത. വാഹനത്തിൽ തീപിടിത്തം ഉണ്ടായ ഭാഗം കണ്ടെത്തി ആ ഭാഗത്തേക്ക് പ്രത്യേക ട്യൂബിലൂടെ തീ അണക്കാനുള്ള രാസവസ്തു സ്പ്രേ ചെയ്യും. നൊടിയിടെ തീ അണക്കാൻ ഈ സംവിധാനം മുഖേന സാധിക്കും.തുടക്കത്തിൽ 459 ടാക്സികളിലും 953 സ്കൂൾ ബസ്സുകളിലുമാണ് ഉപകരണം ഘടിപ്പിച്ചിരിക്കുന്നത്. എല്ലാ വാഹനങ്ങളിലും പുതിയ സംവിധാനം സജ്ജമാക്കാനുള്ള പ്രവർത്തനം പുരോഗമിക്കുകയാണെന്ന് ഡി.ടി.സി അസിസ്റ്റന്റ് മാനേജ്മെന്റ് ഡയറക്ടർ നാസർ മുഹമ്മദ് അൽഹാജ് പറഞ്ഞു.കടുത്ത വേനലിൽ യു.എ.ഇയിൽവാഹനങ്ങൾക്ക് തീപിടിക്കുന്ന സംഭവം പതിവാണ്.ഡ്രൈവറുടെ സഹായം ഇല്ലാതെ സ്വയം പ്രവർത്തിക്കുന്നതിനാൽ സ്കൂൾ ബസ്സുകളിൽ വിദ്യാർത്ഥികളുടെ സുരക്ഷാ വിഷയത്തിൽ പുതിയ സംവിധാനം ഏറെ സഹായകമാകുമെന്നാണ് വിലയിരുത്തൽ.

## 'ഞാനായിരുന്നു സഞ്ജുവിന്റെ സ്ഥാനത്തെങ്കിൽ'; പ്രതികരിച്ച് ഇർഫാൻ പത്താൻ




ന്യൂഡൽഹി: മലയാളി താരവും രാജസ്ഥാൻ റോയൽസ് നായകനുമായ സഞ്ജു സാംസണിനോടുള്ള അവഗണന തുടരുകയാണ് ബി.സി.സി.ഐ. ഏറ്റവുമൊടുവിൽ ഇന്നലെ പ്രഖ്യാപിച്ച ഓസീസ് ഏകദിന പരമ്പരയ്ക്കുള്ള ടീമിലും താരത്തിന് ഇടം ലഭിച്ചില്ല. ഏഷ്യ കപ്പ്, ലോകകപ്പ്, ഏഷ്യൻ ഗെയിംസ് ടീമുകൾക്കു പിന്നാലെയാണ് പ്രധാന താരങ്ങൾക്കു വിശ്രമം അനുവദിച്ച പരമ്പരയിലും സഞ്ജുവിനെ തഴഞ്ഞത്. ഇതോടെ ആരാധകരും കടുത്ത രോഷത്തിലാണ്.

സഞ്ജുവിനോടുള്ള അവഗണനയിൽ മുൻ ഇന്ത്യൻ ഓൾ റൗണ്ടർ ഇർഫാൻ പത്താൻ സോഷ്യൽ മീഡിയയിൽ പ്രതികരിച്ചു. ഈ സമയത്ത് താനാണ് സഞ്ജുവിന്റെ സ്ഥാനത്തെങ്കിൽ കടുത്ത നിരാശവാനായിരിക്കുമെന്നാണ് പത്താൻ പ്രതികരിച്ചത്. 'എക്സി'ലാണ് ടീം സെലക്ഷനെതിരെ മുൻ ഇന്ത്യൻ താരത്തിൻറെ പരോക്ഷ വിമർശനം.

ഏകദിനത്തിൽ മികച്ച ട്രാക്ക് റെക്കോർഡുണ്ടായിട്ടും സഞ്ജുവിനെ നിരന്തരം തഴയുന്നതിന്റെ യുക്തി എന്താണെന്നാണ് ആരാധകർ ചോദിക്കുന്നത്.

മറുവശത്ത്, നിരവധി തവണ അവസരം ലഭിച്ചിട്ടും സൂര്യകുമാർ യാദവ് എല്ലാ ടീമുകളിലും ഇടംകണ്ടെത്തുന്നു. ഒറ്റ ഏകദിനം മാത്രം കളിച്ച തിലക് വർമയെയും നിരവധി തവണ അവസരം ലഭിച്ചിട്ടും മികവ് തെളിയിക്കാനാകാത്ത ഋതുരാജ് ഗെയ്ക്ക്‌വാദിനെയും വീണ്ടും ടീമിലെടുക്കുകയും ചെയ്യുന്നു.

2014ൽ ടീമിലെത്തിയിട്ടുണ്ടെങ്കിലും ഇതുവരെ ആകെ 13 ഏകദിനങ്ങളിലാണ് ഇന്ത്യയ്ക്കു വേണ്ടി കളിക്കാനായിട്ടുള്ളത്. അതും വല്ലപ്പോഴും ലഭിക്കുന്ന അവസരങ്ങൾ. ഇതിൽനിന്ന് 104 സ്ട്രൈക്ക് റേറ്റിൽ 55 ശരാശരിയുമുണ്ട് സഞ്ജുവിന്. കഴിഞ്ഞ ആഗസ്റ്റിൽ അയർലൻഡിനെതിരെ കളിച്ച അവസാന മത്സരത്തിലും 40 റൺസെടുത്തിരുന്നു താരം.

## ഏഷ്യൻ ഗെയിംസിന് ചൈനയിലെ ഹാങ്ഷൂവിൽ ഇന്ന് അനൗദ്യോഗിക തുടക്കം



ബെയ്ജിങ്: ഏഷ്യൻ ഗെയിംസിന് ചൈനയിലെ ഹാങ്ഷൂവിൽ ഇന്ന് അനൗദ്യോഗിക തുടക്കം. നാല് ഗെയിംസ് ഇനങ്ങൾക്ക് ഇന്ന് തുടക്കമാകുമ്പോൾ ഫുട്ബോളിലും വോളിബോളിലും ഇന്ത്യയും കന്നിയങ്കത്തിനിറങ്ങും. 23നാണ് ഔദ്യോഗിക ഉദ്ഘാടനച്ചടങ്ങ്.

അഞ്ച് വർഷത്തെ ഇടവേളയ്ക്കുശേഷം ഏഷ്യൻ കായികതാരങ്ങളൊന്നായി ചൈനയിൽ സമ്മേളിക്കുകയാണ്. വൻകരയിലെ 46 രാജ്യങ്ങളെ കാത്തിരിക്കുന്നത് 481 സ്വർണ മെഡലുകളാണ്. വിസ്മയങ്ങൾ അനവധിയൊളിപ്പിച്ച് ഹാങ്ഷൂവിൽ രണ്ട് കിലോമീറ്ററോളം ദൂരത്തിലൊരു ഗെയിംസ് നഗരം തന്നെ സജ്ജമാണ്. ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ, ബീച്ച് വോളിബോൾ കോർട്ടുകളിലാണ് ഇന്ന് വിസിൽ മുഴങ്ങുന്നത്.

വോളിബോളിലും ഫുട്ബോളിലും ഇന്ത്യയും ഇന്ന് കന്നിയങ്കത്തിനിറങ്ങും. വോളിബോളിൽ കംബോഡിയയും ഫുട്ബോളിൽ ചൈനയുമാണ് എതിരാളികൾ. ഫുട്ബോളിൽ ചേത്രിയും സംഘവും ലക്ഷ്യം വയ്ക്കുന്നത് വിവാദങ്ങളും അനിശ്ചിതത്വങ്ങളും വകഞ്ഞു മാറ്റുന്ന സ്വപ്നനേട്ടമാണ്. പുരുഷ വനിതാ ക്രിക്കറ്റിൽ ഇന്ത്യ ടീമിനെ അയക്കുന്നുവെന്നതും ഇത്തവണത്തെ സവിശേഷതയാണ്. പുരുഷ വിഭാഗത്തിൽ ഇന്ത്യയുടെ രണ്ടാം നിരയാണെങ്കിൽ വനിതാ വിഭാഗത്തിൽ ഫുൾ ടീം തന്നെയാണ് ഇറങ്ങുന്നത്.

655 പേരടങ്ങുന്ന ജമ്പോ സംഘവുമായി ഇന്ത്യ ചൈനയിലിറങ്ങുന്നത് ഏഷ്യാഡ് ചരിത്രത്തിലെ ഏറ്റവും വലിയ സമ്പാദ്യം ലക്ഷ്യംവച്ചാണ്. 68 അംഗ അത്‌ലറ്റിക്സ് സംഘം നല്കുന്നത് വലിയ പ്രതീക്ഷയാണ്. ജാവലിൻ ത്രോയിൽ ഒളിംപിക്സ് ചാംപ്യൻ നീരജ് ചോപ്രയും ലോക അത്‌ലറ്റിക്സ് മീറ്റിൽ മെഡലിനരികെ പോരാട്ടമവസാനിപ്പിച്ച റിലേ ടീമും വലിയ ആത്മവിശ്വാസം പകരുന്നുണ്ട്. ഹർഡില്സിൽ വിദ്യ രാമരാജും ഹൈജംപിൽ ശ്രീശങ്കറും ട്രിപ്പിൾ ജംപിൽ പ്രവീൺ ചിത്രവേലും സ്റ്റീപിൾ ചേസിൽ അവിനാശ് സാബ്ലെയുമെല്ലാം ഇന്ത്യൻ മെഡൽ പ്രതീക്ഷകളാണ്.

സെപ്തംബർ 29നാണ് ഗെയിംസിലെ മുഖ്യ ഇനമായ അത്‌ലറ്റിക്സ് മത്സരങ്ങൾ ആരംഭിക്കുന്നത്. ഷൂട്ടിങ്, വെയ്റ്റ് ലിഫ്റ്റിങ്, ബോക്സിങ്, ഗുസ്തി, ബാഡ്മിൻറൺ എന്നിവയിലെല്ലാം ഇന്ത്യക്ക് ഉറച്ച മെഡൽ പ്രതീക്ഷകളുണ്ട്. ബോക്സിങ്ങിലും ഹോക്കിയിലുമുൾപ്പെടെ ഒളിംപിക്സിലേക്കുള്ള യോഗ്യതാ കടമ്പയായതിനാൽ ഇന്ത്യൻ താരങ്ങൾ കൈമെയ് മറന്ന് പോരാടുമെന്നുറപ്പാണ്.

കഴിഞ്ഞ വർഷം നടക്കേണ്ട ഗെയിംസ് കോവിഡ് കാരണം ഈ വർഷത്തേക്ക് നീട്ടിവയ്ക്കുകയായിരുന്നു. സെപ്തംബർ 23ന് ആരംഭിക്കുന്ന ഗെയിംസിന് ഒക്ടോബർ എട്ടിന് കൊടിയിറങ്ങും.

## പാസ്പോർട്ട് മറന്നു, അസ്വസ്ഥനായി രോഹിത്; സഹ താരങ്ങളുടെ കളിയാക്കൽ

മുംബൈ: ഏഷ്യാ കപ്പ് കിരീട നേട്ടത്തിനു ശേഷം നാട്ടിലേക്ക് മടങ്ങാനുള്ള ഒരുക്കത്തിനിടെ ഇന്ത്യൻ ക്യാപ്റ്റൻ രോഹിത് ശർമ പാസ്പോർട്ട് ഹോട്ടലിൽ വച്ചു മറന്നു. ഹോട്ടലിൽ നിന്നു ടീമിന്റെ ബസിൽ കയറിയപ്പോഴാണ് നായകൻ പാസ്പോർട്ട് ഹോട്ടലിൽ മറന്നു വച്ചതായി ഓർത്തത്. ഇതോടെ താരം അസ്വസ്ഥനായി. ഇതിന്റെ വീഡിയോ ഇപ്പോൾ വൈറലാണ്.

നായകൻ അസ്വസ്ഥനാകുന്നതിനിടെ ബസിലുണ്ടായിരുന്ന സഹ താരങ്ങൾ പരിഹസിച്ച് സംസാരിക്കുന്നതു കേൾക്കാം. ഒപ്പം കൈയടിയും ആർപ്പുവിളികളും ഉയരുന്നതും വീഡിയോയിൽ കേൾക്കുന്നുണ്ട്. അതിനിടെ ടീം സപ്പോർട്ട് സ്റ്റാഫുമാരിൽ ഒരാൾ ഹോട്ടലിൽ പോയി രോഹിതിന്റെ പാസ്പോർട്ടുമായി തിരിച്ചെത്തി. പിന്നാലെ ടീം ബസ് വിമാനതാവളത്തിലേക്ക് പോയി.

# ഓസീസ് ഏകദിന പരമ്പരയ്ക്കുള്ള ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു

## ആദ്യരണ്ട് കളിയിൽ രാഹുൽ ക്യാപ്റ്റൻ

ന്യൂഡൽഹി: ആസ്ട്രേലിയയ്ക്കെതിരായ ഏകദിന പരമ്പരയ്ക്കുള്ള ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. നായകൻ രോഹിത് ശർമ, സൂപ്പർ താരം വിരാട് കോഹ്ലി, ഓൾറൗണ്ടർ ഹർദിക് പാണ്ഡ്യ, സ്പിന്നർ കുൽദീപ യാദവ് എന്നിവർക്ക് വിശ്രമം അനുവദിച്ചിട്ടുണ്ട്. ഏറെനാളത്തെ ഇടവേളയ്ക്കുശേഷം രവിചന്ദ്രൻ അശ്വിന് ടീമിലേക്കു വിളിയെത്തിയപ്പോൾ സഞ്ജു സാംസണിനു വീണ്ടും പുറത്തുതന്നെയാണു സ്ഥാനം. മൂന്നു മത്സരങ്ങളടങ്ങിയ പരമ്പരയിൽ രണ്ട് വ്യത്യസ്ത ടീമുകളെയാണ് ബി.സി.സി.ഐയുടെ ചീഫ് സെലക്ടർ അജിത് അഗർക്കർ പ്രഖ്യാപിച്ചത്. ആദ്യ രണ്ട് മത്സരങ്ങളിലാണു സൂപ്പർതാരങ്ങൾക്കു വിശ്രമം അനുവദിച്ചത്. മൂന്നാം മത്സരത്തിൽ എല്ലാവരും തിരിച്ചെത്തും. ആദ്യ രണ്ട് മത്സരങ്ങളിൽ കെ.എൽ രാഹുൽ ആണ് ടീമിനെ നയിക്കുക.അവസാനമായി 18 മാസംമുൻപാണ് അശ്വിൻ ഒരു അന്താരാഷ്ട്ര ഏകദിന മത്സരം കളിക്കുന്നത്. ഇതോടൊപ്പം പരിക്കേറ്റ അക്സർ പട്ടേലിനു പകരം വാഷിങ്ടൺ സുന്ദറിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. സൂര്യകുമാർ യാദവും തിലക് വർമയും സ്ക്വാഡിൽ ഉൾപ്പെട്ടപ്പോൾ സഞ്ജുവിനു പുറമെ യുസ്‌വേന്ദ്ര ചഹലിനും ഇടം കണ്ടെത്താനായിട്ടില്ല. ഏകദിന ലോകകപ്പിനുമുൻപുള്ള ഇന്ത്യയുടെ അവസാന പരമ്പരയാണിത്. ഇന്ത്യയാണ് ആതിഥേയർ. സെപ്റ്റംബർ 22ന് പഞ്ചാബ് ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിലാണ് ആദ്യ മത്സരം. 24ന് ഇൻഡോറിലെ ഹോൾകാർ സ്റ്റേഡിയത്തിൽ രണ്ടാം മത്സരവും 27ന് ഗുജറാത്തിലെ സൗരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ മൂന്നാം മത്സരവും നടക്കും.ആദ്യ രണ്ട് ഏകദിനങ്ങൾക്കുള്ള സ്ക്വാഡ്: കെ.എൽ രാഹുൽ(ക്യാപ്റ്റൻ, വിക്കറ്റ് കീപ്പർ), ശുഭ്മൻ ഗിൽ, ഋതുരാജ് ഗെയ്ക്ക്‌വാദ്, ശ്രേയസ് അയ്യർ, ഇഷൻ കിഷൻ(വിക്കറ്റ് കീപ്പർ), സൂര്യകുമാർ യാദവ്, തിലക് വർമ, രവീന്ദ്ര ജഡേജ(വൈസ് ക്യാപ്റ്റൻ), ഷർദുൽ താക്കൂർ, ആർ. അശ്വിൻ, വാഷിങ്ടൺ സുന്ദർ, ജസ്പ്രീത് ബുംറ, മുഹമ്മദ് സിറാജ്, മുഹമ്മദ് ഷമി, പ്രസിദ് കൃഷ്ണ.മൂന്നാം ഏകദിനത്തിനുള്ള സ്ക്വാഡ്: രോഹിത് ശർമ(ക്യാപ്റ്റൻ), ശുഭ്മൻ ഗിൽ, വിരാട് കോഹ്ലി, ശ്രേയസ് അയ്യർ, കെ.എൽ രാഹുൽ(വിക്കറ്റ് കീപ്പർ), സൂര്യകുമാർ യാദവ്, ഇഷൻ കിഷൻ(വിക്കറ്റ് കീപ്പർ), ഹർദിക് പാണ്ഡ്യ(വൈസ് ക്യാപ്റ്റൻ), രവീന്ദ്ര ജഡേജ, ഷർദുൽ താക്കൂർ, അക്സർ പട്ടേൽ, ആർ. അശ്വിൻ, വാഷിങ്ടൺ സുന്ദർ, കുൽദീപ് യാദവ്, ജസ്പ്രീത് ബുംറ, മുഹമ്മദ് സിറാജ്, മുഹമ്മദ് ഷമി.




## ചാംപ്യൻസ് ലീഗിന് ഇന്നു തുടക്കം

പാരിസ് : യുവേഫ ചാംപ്യൻസ് ലീഗ് ഫുട്ബോൾ ഗ്രൂപ്പ് ഘട്ട മത്സരങ്ങൾക്ക് ഇന്നു തുടക്കം. നിലവിലെ ചാംപ്യൻമാരായ മാഞ്ചസ്റ്റർ സിറ്റി, ആദ്യകിരീടം ലക്ഷ്യമിടുന്ന പിഎസ്ജി, മുൻ ചാംപ്യൻമാരായ ബാർസിലോന എന്നിവരെല്ലാം ഇന്നു കളത്തിലിറങ്ങുന്നു. സ്വന്തം മൈതാനത്ത് ജർമൻ ക്ലബ് ബൊറൂസിയ ഡോർട്മുണ്ടാണ് പിഎസ്ജിയുടെ എതിരാളികൾ. വൻതുകയ്ക്ക് നെയ്മാറിനെയും ലയണൽ മെസ്സിയെയുമെല്ലാം ടീമിലെത്തിച്ചുള്ള 'മിഷൻ ചാംപ്യൻസ് ലീഗ്' കഴിഞ്ഞ സീസണുകളിലെല്ലാം പാളിയ പിഎസ്ജി ഇത്തവണ ഇറങ്ങുന്നത് മെസ്സിയും നെയ്മാറും ഇല്ലാതെ. കിലിയൻ എംബപെയാണ് ടീമിന്റെ താരമുഖം.

മാഞ്ചസ്റ്റർ സിറ്റിക്ക് ആദ്യ മത്സരത്തിൽ എതിരാളികൾ സെർബിയൻ ക്ലബ് റെഡ്സ്റ്റാർ ബൽഗ്രേഡാണ്. മത്സരം സിറ്റിയുടെ മൈതാനമായ ഇത്തിഹാദ് സ്റ്റേഡിയത്തിൽ. ബാർസിലോന ബൽജിയൻ ക്ലബ് റോയൽ ആന്റ്‌വെർപ്പിനെ നേരിടും.എസി മിലാൻന്യൂകാസിൽ, യങ് ബോയ്സ്‌ലൈപസീഗ്, ഷക്തർ ഡോണസ്ക്പോർട്ടോ, ലാസിയോഅത്‌ലറ്റിക്കോ മഡ്രിഡ്, ഫെയനൂർദ്‌സെൽറ്റിക് എന്നിവയാണ് ഇന്നത്തെ മറ്റു മത്സരങ്ങൾ. സോണി സ്പോർട്സ് ചാനലുകളിൽ തൽസമയം.

## വാൻഗാൽ മണ്ടത്തരം പറയുന്നു! ഖത്തർ ലോകകപ്പ് അർജന്റീന നയിച്ച് നേടിയതെന്ന് ഫ്രഞ്ച് കോച്ച് ദെഷാംപ്സ്

പാരീസ്: ഖത്തർ ലോകകപ്പ് ലിയോണൽ മെസിക്ക് കപ്പടിക്കാൻ വേണ്ടിയുള്ള തിരക്കഥയാണെന്നുള്ള വാദം മുൻ നെതർലൻഡ്സ് കോച്ച് ലൂയി വാൻഗാൽ ഉന്നയിച്ചിരുന്നു. ക്വാർട്ടറിൽ അർജന്റീന ഗോളടിച്ച രീതിയും ഞങ്ങൾ ഗോൾ നേടിയ രീതിയും അർജന്റീന കളിക്കാരോടുള്ള സമീപനവും കണ്ടാൽ തന്നെ നിങ്ങൾക്കത് മനസിലാവുമെന്നും വാൻഗാൽ ഡച്ച് ടെലിവിഷന് നൽകിയ അഭിമുഖത്തിൽ പറഞ്ഞു. പലപ്പോഴും ഗ്രൗണ്ടിൽ പരിധി വിട്ടിട്ടും അർജന്റീന താരങ്ങൾക്കുനേരം കണ്ണടക്കുകയും നെതർലൻഡ്സ് താരങ്ങളെ ചെറിയ കാര്യങ്ങൾക്ക് പോലും ശിക്ഷിക്കുകയും ചെയ്തുവെന്ന് അദ്ദേഹം വ്യക്തമാക്കി.എന്നാൽ വാൻഗാലിന്റെ വിവാദ വാദത്തോട് പ്രതികരിക്കുകയാണ് ഫ്രാൻസിന്റെ കോച്ച് ദിദിയർ ദെഷാംപ്സ്. ഫൈനലിൽ ഫ്രാൻസിനെ തോൽപ്പിച്ചാണ് അർജന്റീന കിരീടം നേടിയത്. ദെഷാംപ്സ് പറയുന്നതിങ്ങനെ... "ഖത്തർ ലോകകപ്പിൽ അർജന്റീന 15 ഗോളുകൾ എതിരാളികളുടെ വലയിലെത്തിച്ചു. അതിൽ നാലെണ്ണം മാത്രമാണ് പെനാൽറ്റി ഗോളുകൾ. പോളണ്ടിനെതിരായ മത്സരത്തിൽ അർജന്റീനയ്ക്ക് ലഭിച്ച ഒരേയൊരു പെനാൽറ്റി റഫറിയുടെ പിഴവാണ്.

അത് മാത്രമാണ് വിവാദം. എന്നാൽ സൗദി അറേബ്യക്കെതിരെ ആദ്യ മത്സരത്തിൽ അർജന്റീനയുടെ മൂന്ന് ഗോളുകൾ റദ്ദാക്കി. അതിനെ കുറിച്ച് ആരും സംസാരിക്കുന്നില്ല. അർജന്റീനക്കാർക്ക് ഖത്തർ ലോകകപ്പിൽ പ്രത്യക സഹായമുണ്ടെന്ന് ആരാണ് പറയുന്നതെന്നും കണ്ടുപിടിച്ചതെന്നും എനിക്ക് മനസ്സിലാകുന്നില്ല. എന്നെ സംബന്ധിച്ചിടത്തോളം വാൻഗാലിന്റെ ഇപ്പോഴത്തെ പരാമർശങ്ങൾ അതിശയോക്തി നിറഞ്ഞതാണ്." ദെഷാംപ്സ് പറഞ്ഞു.

## കഷ്ടിച്ച് സമനില നേടി അൽ –ഹിലാൽ



ഫൗളിനെത്തുടർന്ന് നെയ്മർക്കുനേരെ മഞ്ഞക്കാർഡ് ഉയർത്തുന്നു

റിയാദ്: എ.എഫ്.സി ചാമ്പ്യൻസ് ലീഗ് ഗ്രൂപ്പ് ആദ്യ മത്സരത്തിൽ ഇൻജുറി ടൈമിലെ ഗോളിൽ കഷ്ടിച്ച് സമനില നേടി ബ്രസീൽ സൂപ്പർതാരം നെയ്മറിൻറെ അൽ -ഹിലാൽ. ഗ്രൂപ്പ് ഡിയിൽ ഇത്തിരികുഞ്ഞന്മാരായ ഉസ്ബെക്കിസ്ഥാൻ ക്ലബ് നവബഹോറാണ് സൗദി പ്രോ ലീഗിലെ കരുത്തരായ അൽ -ഹിലാലിനെ സമനിലയിൽ തളച്ചത്.

സൂപ്പർതാരം നെയ്മർ ആദ്യമായി പ്ലെയിങ് ഇലവനിൽ കളിക്കാനിറങ്ങിയ മത്സരത്തിലാണ് ടീമിന് സമനില കൊണ്ട് തൃപ്തിപെടേണ്ടി വന്നത്. മത്സരം അവസാനിക്കാൻ നിമിഷങ്ങൾ മാത്രം ബാക്കി നിൽക്കെയാണ് സമനില പിടിച്ചത്. അതേസമയം, ഗ്രൂപ്പ് സിയിൽ പ്രോ ലീഗ് ചാമ്പ്യന്മാരായ അൽ -ഇത്തിഹാദ് ഉസ്ബെക്കിസ്ഥാൻ ക്ലബായ എഫ്.സി എ.ജി.എം.കെയെ എതിരില്ലാത്ത മൂന്നു ഗോളിന് തകർത്തു. കഴിഞ്ഞ വെള്ളിയാഴ്ച പ്രോ ലീഗിൽ അൽ റിയാദിനെതിരെയാണ് നെയ്മർ അരങ്ങേറ്റം കുറിച്ചത്.

മത്സരത്തിൽ വല കുലുക്കാനായില്ലെങ്കിലും ഗോളിന് വഴിയൊരുക്കുകയും മികച്ച നീക്കങ്ങളുമായി കളം നിറയുകയും ചെയ്തിരുന്നു. കിങ് ഫഹദ് ഇൻറർനാഷനൽ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ 52ാം മിനിറ്റിൽ ടോമ തബതാഡ്സെയുടെ കിടിലൻ ഫിനിഷിങ്ങിലൂടെ നവബഹോർ മുന്നിലെത്തി. 2022 ഉസ്ബെക്കിസ്ഥാൻ സൂപ്പർ ലീഗ് റണ്ണേഴ്സ് അപ്പായ നവബഹോർ ആദ്യമായാണ് എ.എഫ്.സി ചാമ്പ്യൻസ് ലീഗ് കളിക്കുന്നത്.രണ്ടാം പകുതിയുടെ ഇൻജുറി ടൈമിൽ (90+10) പ്രതിരോധ താരം അലി അൽ ബുലൈഹിയാണ് ആതിഥേയർക്ക് സമനില ഗോൾ സമ്മാനിച്ചത്. കോർണറിൽനിന്ന് ഉയർന്നുവന്ന പന്ത് ഹെഡറിലൂടെയാണ് താരം വലയിലാക്കിയത്. മത്സരത്തിൽ എതിർ താരത്തെ തള്ളിയിട്ടതിന് നെയ്മറിന് മഞ്ഞ കാർഡും ലഭിച്ചു. മൂന്നാം ചാമ്പ്യൻസ് ലീഗ് കിരീടം ലക്ഷ്യമിട്ട് കളത്തിലിറങ്ങിയ അൽ -ഇത്തിഹാദ് അനായാസ ജയവുമായി വരവറിയിച്ചു.

2004, 2005 വർഷങ്ങളിൽ ചാമ്പ്യന്മാരായ ഇത്തിഹാദ് പരിക്കേറ്റ ഫ്രഞ്ച് സൂപ്പർതാരം കരീം ബെൻസേമ ഇല്ലാതെയാണ് കളിക്കാനിറങ്ങിയത്. താരത്തിൻറെ അഭാവത്തിൽ പ്ലെയിങ് ഇലവിൽ ഇടംനേടിയ സ്ട്രൈക്കർ ഹറൂൺ കാമറ 11ാം മിനിറ്റിൽ തന്നെ ടീമിനെ മുന്നിലെത്തിച്ചു.

15ാം മിനിറ്റിൽ ബ്രസീൽ താരം റൊമാറീനോ ആതിഥേയരുടെ ലീഡ് ഉയർത്തി. ആദ്യ പകുതി അവസാനിക്കാൻ മൂന്നു മിനിറ്റ് ബാക്കി നിൽക്കെ ഇത്തിഹാദിന് അനുകൂലമായി ലഭിച്ച പെനാൽറ്റി ലക്ഷ്യത്തിലെത്തിച്ച് റൊമാറിനോ വീണ്ടും ലീഡ് ഉയർത്തി.




RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.